FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA NEWS

249th Issue October, 2016

## പ്രധാന വാർത്തകൾ


കാരുണ്യത്തിന്റെയും മാനവികതയുടെയും പാരമ്പര്യം ഊട്ടി ഉറപ്പിക്കണം ..... 02
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

മതത്തിനതീതമായ മാനവികതയിലേക്കുള്ള വളർച്ച അനിവാര്യം ..... 03
റവ. ഫാ. വർഗീസ് വള്ളിക്കാട്ട്

കട്ജുമാരെ കാലം തിരിച്ചറിയണം! ..... 04
റവ. ഫാ. ജോളി വടക്കൻ

തീരനിയന്ത്രണ വിജ്ഞാപനം - തിരുത്ത് അനിവാര്യം ..... 04
അഡ്വ. ഷെറി ജെ തോമസ്

സർക്കാർ സീറ്റ്, അങ്ങനെയൊന്നുണ്ടോ? ..... 06
ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ

തെരുവുനായ്പ്രശ്നം മനുഷ്യനിർമിത ദുരന്തം ..... 07
സാബു സ്റ്റീഫൻ

വനഭൂമിയുടെ പേരിൽ പാവങ്ങളെ വഴിയാധാരമാക്കരുത് ..... 07

നയതന്ത്രപരിഹാരം തേടണം ..... 08
ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര

സ്വാശ്രയസമരം ഒത്തുതീർപ്പിലേക്ക് എത്തുമ്പോൾ ..... 08

കെസിബിസി പ്രസ്താവനകൾ ..... 09-10

- ഗർഭച്ഛിദ്രം: കോടതിവിധി ആശങ്കാജനകം ..... 09
- നാടിന്റെ വളർച്ചയ്ക്ക് ഉതകുന്നതാകണം മദ്യനയം: കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് ബാവ ..... 09
- കാർഷിക മേഖലയെ തകർക്കുന്ന കരാറുകളിൽനിന്നു കേന്ദ്രസർക്കാർ പിന്മാറണം ..... 09
- ഇടതുസർക്കാർ മദ്യനയം വ്യക്തമാക്കണം: ഐക്യജാഗ്രതാസമിതി ..... 10
- സ്വാശ്രയപ്രവേശനം: മെറിറ്റ്-മാനേജ്മെന്റ് വിഭജനം അശാസ്ത്രീയം: ഐക്യജാഗ്രതാസമിതി ..... 10

വാർത്തകൾ ..... 11-16




**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com

സന്ദേശം

# കാരുണ്യത്തിന്റെയും മാനവികതയുടെയും പാരമ്പര്യം ഊട്ടി ഉറപ്പിക്കണം

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(ചെയർമാൻ, കെ.സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ)



നിരുപാധിക സ്നേഹത്തിനും സൗഹാർദ്ദത്തിനും സഹവർത്തിത്വത്തിനും സമൂഹത്തിൽ സ്ഥാനം നഷ്ടപ്പെടുന്നു എന്ന ആശങ്ക വർത്തമാനകാലത്ത് നമ്മെ അസ്വസ്ഥരാക്കുന്നു. ഭീകരവാദം ലോകമെമ്പാടുമുള്ള മനുഷ്യരുടെ സ്വസ്ഥത കെടുത്തുന്ന പ്രശ്നമായി വളർന്നിരിക്കുകയാണ്. നമ്മുടെ രാജ്യം വർഗീയവാദികളും, അഴിമതിക്കാരും, അധികാരമോഹികളുമായ ഭരണകർത്താക്കളുടെ നിയന്ത്രണത്തിലാവുകയാണ്. വർഗ്ഗീയതയെ എതിർക്കുന്നുവെന്നു പറയുന്നുണ്ടെങ്കിലും വർഗീയതയെ വളർത്തുന്ന നിലപാടുകളാണ് രാഷ്ട്രീയപാർട്ടികൾ പലപ്പോഴും സ്വീകരിക്കുന്നത്. രാജ്യത്തെ ജനങ്ങളിൽ അനൈക്യവും വിഭാഗീയ ചിന്തയും ശക്തി പ്രാപിക്കുകയും ചെയ്യുന്നു. മനുഷ്യത്വത്തിന് നിരക്കാത്തതും അപമാനകരവുമായ സംഭവങ്ങൾ കൂടിവരുന്നു.

കേരളത്തിൽ നിന്നും, ഇന്ത്യയിൽ നിന്നും ഐ.എസ്. പോലുള്ള ഭീകരസംഘടനകളിലേക്ക് അംഗങ്ങളെ റിക്രൂട്ട് ചെയ്യുന്നു എന്നത് ഇന്ന് അംഗീകരിക്കേണ്ട ഒരു യാഥാർത്ഥ്യമായിരിക്കുന്നു. വർഗീയതയുടെയും ഭീകരതയുടെയും താവളങ്ങളിലേക്ക് നമ്മുടെ കുട്ടികൾ എത്തിച്ചേരുന്നില്ല എന്നു ഉറപ്പുവരുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറയുമ്പോൾ കേരളത്തിൽ പോലും ഈ സംഘടനകളുടെ സ്വാധീനമുണ്ട് എന്നാണ് നാം മനസ്സിലാക്കേണ്ടത്. മതപരിവർത്തനം ചെയ്യപ്പെട്ട് ഐ.എസ്.-ൽ ചേർന്നുവെന്ന് ആരോപിക്കപ്പെട്ടിരിക്കുന്ന കാണാതായ കുട്ടികളുടെ മാതാപിതാക്കന്മാരുടെ വേദന നിസ്സാരമായി കാണാൻ സാധിക്കുകയില്ല. നമ്മുടെ കുട്ടികളെ സംരക്ഷിക്കുവാനും, വിശ്വാസജീവിതത്തിൽ കൂടുതൽ ആഴപ്പെടുത്തുവാനും, അവർ സുരക്ഷിതരാണെന്നു ഉറപ്പുവരുത്താനുള്ള കർമ്മപരിപാടികൾ മാതാപിതാക്കളുടെ സഹകരണത്തോടെ ഇടവകതലത്തിലും, രൂപതാതലത്തിലും ശക്തിപ്പെടുത്തുവാൻ നാം വളരെ ജാഗ്രതയോടെ പ്രവർത്തിക്കണം.

കാലങ്ങളായി നാം സംരക്ഷിച്ചുവരുന്ന സ്നേഹ-സാഹോദര്യ-സൗഹാർദ്ദ അന്തരീക്ഷം വീണ്ടെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സമൂഹത്തിൽ പരസ്പര ഐക്യവും സൗഹാർദ്ദവും നിലനിർത്തുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും പരസ്പര ശത്രുത വളർത്തുന്നതും തെറ്റിദ്ധാരണ ഉളവാക്കുന്നതുമായ പ്രസ്ഥാനങ്ങളെയും സംരംഭങ്ങളെയും തിരിച്ചറിയുകയും ജാഗ്രതയോടെ അവയെ തിരസ്കരിക്കുകയും വേണം. സമൂഹത്തിന്റെ പൊതുനന്മയും നാട്ടിൽ സൗഹാർദ്ദവും സമാധാനവും നിലനിർത്താൻ ലക്ഷ്യമാക്കിയുള്ള കൂട്ടായ്മകൾ വളർത്താനും ഇങ്ങനെയുള്ള പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുവാനും നമുക്കു കഴിയണം.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിലാണ് രാഷ്ട്രങ്ങൾ നിലനിൽക്കുന്നത്. ബഹുസ്വരതയും മതനിരപേക്ഷതയും അപകടത്തിലാക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകാൻ പാടില്ല. ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കപ്പെടണം. ജനങ്ങളെ മതത്തിന്റെയും ജാതിയുടെടെയും പേരിൽ വേർതിരിച്ചു കാണുവാനും അവരിൽ ഭിന്നത വളർത്തുവാനുമുള്ള സംഘടിതമായ ശ്രമങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ കാരുണ്യത്തിന്റെയും മാനവികതയുടെയും പാരമ്പര്യം ഊട്ടി ഉറപ്പിക്കണം.

# മതത്തിനതീതമായ മാനവികതയിലേക്കുള്ള വളർച്ച അനിവാര്യം

ഇന്ത്യയുടെ സംസ്കാരം ഏകത്വത്തിൽ ഊന്നിനില്ക്കുന്നു. എല്ലാവരും ഈ സംസ്കാരത്തെ ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതും സത്യമാണ്. നാനാത്വത്തിൽ ഏകത്വം എന്നതിനേക്കാൾ ഏകത്വത്തിൽ ഊന്നിയ നാനാത്വം എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. എന്നുവച്ചാൽ നാനാത്വത്തെ ചേർത്തുനിർത്തുന്ന ഏകത്വം. എല്ലാ മതങ്ങളും വ്യത്യസ്തമാർഗങ്ങളിലൂടെ ഈ ഏകത്വത്തിൽ എത്തിനില്ക്കുന്നു.

നാനാത്വം ഏകത്വത്തിൽ നിന്ന് ദൂരത്തിൽ മാറ്റി നിറുത്തുന്ന ഒന്നല്ല, മറിച്ച് ചേർത്തുനിർത്തുന്നതാണ്. അത് പാരസ്പര്യത്തിൽ ഊന്നി നില്ക്കുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അപരൻ നമുക്ക് ഭീഷണിയല്ലാത്ത അവസ്ഥയാണത്. അല്ലെങ്കിൽ അപരൻ സഹോദരൻ എന്ന് മനസ്സിലാക്കുന്ന അവസ്ഥ. ഖുറാനിലെ ആദിമ ഉറവിടത്തെക്കുറിച്ചുള്ള ധ്യാനത്തിൽ നിന്ന് പാരസ്പരികതയുടെ ഈ കാഴ്ചപ്പാട് വളർത്തിയെടുക്കാനാകും. അതുപോലെ തന്നെ സൂര്യനെയും ചന്ദ്രനെയും സഹോദരരായും പക്ഷിമൃഗാദികളെ വാത്സല്യത്തോടെയും കണ്ട വി. ഫ്രാൻസിസ് അസ്സീസിയും ഈയൊരു ദർശനം തന്നെയാണ് മുന്നോട്ടു വയ്ക്കുന്നത്.

ആത്മീയതയുടെ അടിസ്ഥാനം ജീവിക്കുന്ന മനുഷ്യനാണ്. അവൻ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനാണ്. ജീവനുള്ള മനുഷ്യൻ ദൈവത്തിന്റെ ഛായയാണ്. ഓരോ മനുഷ്യനിലും നാം ദൈവത്തെ ദർശിക്കുന്നു. മനുഷ്യനിലെ മൂല്യം ദൈവദത്തമാണ്, സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ. ഈ മനുഷ്യമഹത്വമാണ് മനുഷ്യത്വം. ദൈവത്തിന്റെ പ്രതിപുരുഷനായ മനുഷ്യൻ സർവ്വതിലും ദൈവത്തെ ദർശിക്കുന്നു. ദൈവം സർവ്വതിലും ആയിരിക്കുന്നു എന്ന് മനസ്സിലാക്കുന്നു. ബന്ധങ്ങളിലാണ് നാം ജീവിക്കുന്നത്. മതങ്ങളും വ്യക്തികളും പരസ്പരമുള്ള കൂട്ടായ്മയിൽ, ബന്ധത്തിൽ, ഐക്യദാർഢ്യത്തിൽ നിലനില്ക്കുന്നു. മതങ്ങൾ ഇതിന് വേണ്ടി തന്നെയാണ്. ഞങ്ങളുടേത്, നിങ്ങളുടേത് എന്ന് ഒന്നില്ല. നിലനില്ക്കുന്നു എന്നത് സഹവർത്തിത്വത്തിലായിരിക്കുക, ബന്ധത്തിലായിരിക്കുക എന്നതാണ്. 'ഞങ്ങൾ' അല്ലെങ്കിൽ 'എനിക്ക്' മാത്രമായ നിലനില്പ് സങ്കുചിതമാണ്. ഐക്യമത്യവും സഹാനുഭാവവും വളർത്തുന്നതായിരിക്കണം മതത്തിന്റെ കാഴ്ചപ്പാട്. മതത്തിനതീതമായ മാനവികതയിലേക്കുയരുന്നതാണ് യാഥാർത്ഥ മത ധർമ്മം. അങ്ങനെയല്ലാത്ത പക്ഷം നാം നമ്മുടെ ഉള്ളിലേക്ക് തന്നെയാണ് വളരുന്നത്. ഇത് അപകടകരമാണ്.

അക്രമം അർത്ഥശൂന്യമാണ്. അത് ഏതെങ്കിലും മതത്തോട് വച്ചുകെട്ടുന്നത് ശരിയല്ല. കാരണം മതത്തിൽ അക്രമത്തിന് സാധുതയില്ല. അതിനാൽ തന്നെ മതത്തിന്റെ പേരിൽ അക്രമത്തെ ന്യായീകരിക്കാനാവില്ല. മൗലികവാദം ഏറിയും കുറഞ്ഞും എല്ലാ മതത്തിലുമുണ്ട്. അതിനെ മയപ്പെടുത്താൻ എല്ലാവരും ശ്രമിക്കുന്നുണ്ട്. അപകടകരമായ മൗലികത തിരുത്താൻ തയ്യാറാവണം. അല്ലാത്തപക്ഷം അവർക്ക് പുറത്തേക്ക് പോകാതിരിക്കാനാവാതെ വരും. മൗലികത വാക്കിൽ നിന്ന് പ്രവൃത്തിയിലേക്കും, പ്രവൃത്തിയിൽ നിന്നും അക്രമത്തിലേക്കും വളർന്നാൽ; അത് മതത്തിന്റെ പേരിലായാൽ അത് -മതവിശ്വാസ സംഹിതയെ ദുരുപയോഗിക്കലാണ്; തന്റേതായ ലക്ഷ്യങ്ങളുടെ അടിച്ചേല്പിക്കലാണ്. അവയെ നിയന്ത്രിക്കേണ്ടതും പൊതു ചിന്താധാരയിലേക്ക് കൊണ്ടുവരേണ്ടതും നേതൃത്വത്തിന്റെ കടമയാണ്. അതില്ലാതെവരുന്ന അവസ്ഥ വളരെ വേദനാജനകമാണ്.



റവ. ഫാ. വർഗീസ് വള്ളിക്കാട്ട്
കെസിബിസി,
ഡെപ്യൂട്ടി സെക്രട്ടറി
ജനറൽ,പി.ഒ.സി

സമാധാനത്തിനുവേണ്ടി ഏന്തു ചെയ്യാം? ആദ്യമെ സമാധാനം ആവശ്യമാണെന്ന് മനസ്സിലാക്കണം. സ്വാഭാവികമായി നിലനില്ക്കുന്നതാണ് സമാധാനം എന്നു ചിന്തിക്കുന്നത് എപ്പോഴും ശരിയാകണമെന്നില്ല. സമാധാനം നിലനിർത്താൻ നിരന്തര പ്രയത്നം ആവശ്യമാണ്: ജാഗ്രത ആവശ്യമാണ്. സമാധാനത്തിനുവേണ്ടിയുള്ള സംഘാതമായ കൂടിവരവ് അനിവാര്യമാണ്. സഹവർത്തിത്വത്തെ അപകടപ്പെടുത്തുന്ന പ്രവണത സമാധാനത്തെ തടയുന്നു. അതിനാൽ അത്തരം സന്ദേഹങ്ങൾ ഉണ്ടാകുമ്പോൾ സമാധാനം നിലനിർത്താൻ നിരന്തര പരിശ്രമം വേണം. ഇരകൾ ഉണ്ടാകുക, ബലിയാടുകളും രക്തസാക്ഷികളും ആകുക എന്നീ താല്പര്യങ്ങൾ അപകടകരമാണ്. അവരും നമ്മളും എന്നതിൽ നിന്ന് മാറി അക്രമം എവിടെയുണ്ടെങ്കിലും ഒറ്റക്കെട്ടായി അതിനെതിരെ നിലപാടെടുക്കാൻ സന്നദ്ധതയുണ്ടാകണം.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളിൽ ക്രൈസ്തവമായ കാഴ്ചപ്പാട് ഇതാണ്. യേശു കുരിശിൽ മരിച്ചു. തെറ്റ് ചെയ്യാത്തവനെ ക്രൂശിലേറ്റിയതിനെതിരെ ശിഷ്യൻമാർ പ്രതികാരത്തിനിറങ്ങിയില്ല. അതാണ് ദൈവിക ദർശനം, അത് ക്ഷമയുടെ തലമാണ്. അക്രമം പുതിയ അക്രമത്തിലേക്ക് നയിക്കുന്നു. എന്നാൽ ക്ഷമയിലൂടെയുള്ള വീണ്ടെടുപ്പ് അക്രമത്തെ അവസാനിപ്പിക്കുന്നു. മരണത്തെ അതിജീവിച്ചുള്ള ക്രിസ്തുവിന്റെ ഉയിർപ്പ് അക്രമത്തിന്റെ നിരർത്ഥകതയെ തെളിയിക്കുന്നു. എന്നാൽ ഇന്ന് വിദ്വേഷവും, ഭയവും, അക്രമവും അംഗീകരിക്കപ്പെട്ടവയായി കണക്കാക്കപ്പെടുന്നു. രക്തസാക്ഷി പരിവേഷത്തിന് താല്പര്യം ഏറിവരുന്നു. കൂടുതൽ രക്തസാക്ഷികൾ ഉണ്ടാകേണ്ടതില്ല. ഒരു പുതിയ മാനവികതയാണ് നമുക്ക് വേണ്ടത്. അത് സ്നേഹസംസ്കാരമാണ്. അത് പാരസ്പരികതയാണ്, സഹവർത്തിത്വമാണ്. ഇത് സാദ്ധ്യമാക്കുന്ന മാനവികതയാണ് അക്രമത്തിന് പ്രതിവിധി. വർദ്ധിച്ചുവരുന്ന അക്രമ പ്രവണതയെയും, അക്രമത്തെ സ്വാഗതം ചെയ്യുന്ന പ്രവണതയെയും തടയേണ്ടതാണ്. അതിനുള്ള വേദിയൊരുക്കണം. കൂട്ടായ്മകൾ ഉണ്ടാകണം. കൂട്ടായ്മയിലും പാരസ്പരികതയിലൂടെ വളരുന്ന മനുഷ്യബന്ധത്തിലുമാണ് സമാധാനപൂർണ്ണമായ നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ സഫലമാവുക.

# കട്ജുമാരെ കാലം തിരിച്ചറിയണം!

ലോകാരാധ്യയായ മദർ തെരേസയെ ഫ്രാൻസിസ് പാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ചതിന്റെ സന്തോഷം കെട്ടടങ്ങുന്നതിനു മുമ്പേ അലഹബാദ് ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസ് ആയ മാർക്കണ്ഡേയ കട്ജു നടത്തിയ പരാമർശങ്ങൾ മാധ്യമങ്ങളിൽ വന്നത് ഏറെ വേദനിപ്പിച്ചു. മദർ തെരേസ യാഥാസ്ഥിതികയായ ഒരു കപടസന്യാസിനിയായിരുന്നെന്നും കോടിക്കണക്കിന് സംഭാവനകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സ്വീകരിച്ചിരുന്നു വെന്നും 10 മില്യൺ ഡോളർ തരാൻ ആരെങ്കിലുമുണ്ടായിരുന്നെങ്കിൽ ഈ അമ്മ ചെയ്തതുപോലെയുള്ള കാര്യങ്ങൾ ചെയ്യാൻ താനും തയ്യാറാണെന്നുമുള്ള പ്രസ്താവന ഒരു ഹൈക്കോടതി ജഡ്ജിയുടെ അന്തസ്സിന് ചേരുന്നതായിരുന്നില്ല. 2015 മാർച്ചുമാസത്തിൽ രാജസ്ഥാനിലെ ഭരത്പൂരിൽ അപ്നഘർ എന്ന സംഘടന നടത്തിയ സമ്മേളനത്തിൽവച്ച് ആർഎസ്എസ് നേതാവായ മോഹൻ ഭാഗവത് ഈ ധന്യാത്മാവിനെ ഇകഴ്ത്തി സംസാരിക്കാൻ തുനിഞ്ഞതായിരുന്നു ഇതിനുമുമ്പുണ്ടായ ഇത്തരത്തിലൊരു ആക്രമണം. അന്ന് കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളൊക്കെത്തന്നെ ഈ പ്രസ്താവനയെ ശക്തിയുക്തം എതിർത്തവരാണെങ്കിലും മാർക്കണ്ഡേയ കട്ജുവിനെതിരെ സംസാരിക്കാൻ ആരും മുന്നോട്ട് വന്നില്ല എന്നത് വിചിത്രമായിതോന്നി, പണത്തിനുമീതെയും അധികാരത്തിനുമീതെയും പരുന്തും പറക്കാത്തതാണാവോ?

കാലത്തിന്റെ മുഴുവൻ ചുളിവുകളും ഏറ്റുവാങ്ങിയ ആ അമ്മയുടെ മുഖത്തെ തേജോമയമായ ശാന്തിയുടെ സ്ഫുലിംഗങ്ങൾ ലോകമാസകലം എത്രയോ പേരുടെ ഹൃദയങ്ങളിൽ പ്രകാശം പരത്തി. കോടികളുടെ സംഭാവനകൾ ഒഴുകിയെത്തി എന്നു പറയുമ്പോഴും ജീവിതാന്ത്യംവരെ സ്വന്തമെന്നു പറയാൻ ആകെ ഉണ്ടായിരുന്നത് രണ്ടു ജോടി വസ്ത്രവും ഒരു തുണിസഞ്ചിയും വിശുദ്ധ ഗ്രന്ഥവും ജപമാലയും മാത്രമായിരുന്നു എന്ന കാര്യം കട്ജു അറിയാതെപോയോ? ഈ അമ്മ തുടങ്ങിവച്ച പ്രസ്ഥാനങ്ങൾക്കൊന്നിനും സ്വന്തമായി കെട്ടിടങ്ങളോ തങ്ങളുടേതാണ് എന്ന് അവകാശത്തോടെ പറയാനോ ഒന്നുമില്ല എന്ന കാര്യവും കട്ജു അറിയേണ്ടതായിരുന്നു. ഹൈക്കോടതി ചീഫ് ജസ്റ്റിസെന്ന നിലയിൽ അഞ്ച് അക്ക ശമ്പളവും ഔദ്യോഗിക വാഹനവും ഭവനവും സംരക്ഷകരും ഒക്കെയായി സുരക്ഷിതത്വ കോട്ടയിൽ വിഹരിച്ചിട്ടും നിസ്വാർത്ഥമായി മദർ ചെയ്ത ജീവകാരുണ്യപ്രവർത്തനങ്ങളെ 10 മില്യൺ ഡോളറുമായി തുലനപ്പെടുത്തിയത് ഈ മഹാന്റെ പണത്തിനോടുള്ള ആർത്തിക്ക് കുറവൊന്നും വന്നിട്ടില്ലെന്നല്ലേ സൂചിപ്പിക്കുന്നത്!



**റവ. ഫാ. ജോളി വടക്കൻ**
കെസിബിസി
മാധ്യമകമ്മീഷൻ
സെക്രട്ടറി

ഈ അമ്മയുടെ ദീപ്തമായ ഓർമകൾക്കുമുമ്പിൽ എതിർസ്വരങ്ങൾ ഉയർത്തുമ്പോൾ താഴ്ന്നുപോകുന്നത് മതേതരത്വ രാജ്യമാണെന്നഭിമാനിക്കുന്ന ഈ ഭാരതാംബയുടെ ശിരസ്സാണ്. ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും വർണത്തിന്റെയും പേരിൽ മനുഷ്യരെ തീണ്ടാപാടകലെ നിറുത്തുകയും തെരുവോരങ്ങളിൽ സർവരാലും പരിത്യജിക്കപ്പെട്ട് വ്രണബാധിതരായി, പുഴുക്കളരിച്ചും ദുർഗന്ധം വമിച്ചും കിടക്കുന്നവരെ കാണാതെ ഇന്ത്യ തിളങ്ങാൻവേണ്ടി കാവിവത്കരണ അജണ്ടയുമായി പോകുന്നവർക്ക് ഓശാന പാടുന്ന കട്ജുമാരെ, കാലം തിരിച്ചറിയാതിരിക്കില്ല. ഒരു ദിവസമെങ്കിലും ഇത്തരം ഒരു സ്ഥാപനത്തിൽ കാരുണ്യത്തിന്റെ സാന്ത്വനസ്പർശമായി കടന്നുചെല്ലാൻ ഈ വിമർശകർ ആരെങ്കിലും തയ്യാറാകുമായിരുന്നെങ്കിൽ അവരുടെ ജല്പനങ്ങളിലെ പൊള്ളത്തരവും ഈ സമർപ്പിതരുടെ വ്യത്യസ്തതയും അവർ തിരിച്ചറിയുമായിരുന്നു.

# തീരനിയന്ത്രണ വിജ്ഞാപനം - തിരുത്ത് അനിവാര്യം

പോഞ്ഞിക്കരക്കാരൻ ദേവസി എല്ലാ ദിവസവും എറണാകുളം മറൈൻ നടക്കാൻ പോകും. ഷുഗറും പ്രഷറും കൂടിയപ്പോൾ ഡോക്ടറുടെ ഉപദേശമാണ് നടപ്പ് വേണമെന്ന്. വൈകീട്ടത്തെ നടപ്പ് കഴിഞ്ഞ് തിരികെ വീട്ടിലെത്തുന്നത് അസ്വസ്ഥതയോടെയാണ്. കാരണം കായലിനു തൊട്ടരുകിൽ മറൈൻ ഡ്രൈവിലെ വലിയ കെട്ടിടങ്ങൾക്കരികിലൂടെ നടന്നു നീങ്ങുമ്പോൾ തന്റെ മൂത്ത് മകന് താൻ നൽകിയ 5 സെന്റ് പുരയിടത്തിൽ ഒരു ചെറിയ വീട് വയ്ക്കാൻ പോലും അനുമതി ലഭിക്കാത്ത ഭരണകൂടത്തിന്റെ വിവേചനം ദേവസിയുടെ മനസ്സിലേക്ക് ഓടിയെത്തും. ആകെ 10 സെന്റിൽ 5 സെന്റ് വീതം രണ്ടു മക്കൾക്കുമായി വീതിച്ചു നൽകി. തറവാട്ടിൽ ദേവസിയും ഇളയ മകനും താമസം. ബാക്കി 5 സെന്റിൽ മൂത്ത മകന് വീട് പണിയാൻ ബാങ്ക് വായ്പ ലഭിക്കില്ല; സർക്കാർ പദ്ധതികൾ ഒന്നിലും ഉൾപ്പെടില്ല, പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് അനുമതിയും നൽകില്ല. ദേവസിയുടെ പറമ്പിനരികിലൂടെ കായലിൽ നിന്ന് പൊക്കാളിപ്പാടത്തേക്കുള്ള ഒരു കൈത്തോട് പോകുന്നുവെന്നതാണ് കാരണം. ആ കൈത്തോട് തീര നിയന്ത്രണവിജ്ഞാപനത്തിന്റെ പരിധിയിൽ വരുമത്രെ. പക്ഷെ മറൈൻ ഡ്രൈവിലെയും ഗോശ്രീ കവലയിലെയും വലിയ കെട്ടിടങ്ങൾ കായലിൽ കാൽ നാട്ടി നിൽക്കുന്നതു കാണുമ്പോൾ ദേവസിക്ക് ഈ നാടിനോട് തന്നെ പുച്ഛം തോന്നും – പിറന്ന മണ്ണിൽ സ്വന്തം സ്ഥലത്ത് ഒരു പുര പണിയാൻ അനുവദിക്കാത്ത ഇരട്ടത്താപ്പ് നിയമത്തോട്.



**അഡ്വ. ഷെറി ജെ തോമസ്**
sherryjthomas@gmail.com

**തീര നിയന്ത്രണ വിജ്ഞാപനം**

തീര നിയന്ത്രണ വിജ്ഞാപനം ആദ്യ ഉത്തരവ് 1991-ൽ ആം നിലവിൽ വന്നു. ഇന്ത്യയിലെ തീരദേശപ്രദേശങ്ങളുടെ സുസ്ഥിര വികസനവും സുരക്ഷയും സംരക്ഷണവും ലക്ഷ്യമാക്കിയാണ് ഇങ്ങനെ നിലവിൽ വന്നത്. വിരോധാഭാസം എന്ന് പറയട്ടെ തിരദേശവാസികളുടെ തൊഴിൽ സുരക്ഷക്കും, പ്രദേ

ശത്ത് വികസനം ശാസ്ത്രീയമായ രീതിയിൽ സാദ്ധ്യമാകുന്നതിനും ലക്ഷ്യം വച്ച് കൂടിയാണ് വിജ്ഞാപനം നിലവിൽ വന്നതെങ്കിലും ഒരു ഭവനം പോലും പണിയാനാകാത്ത സ്ഥിതിയാണ് ഫലത്തിൽ. ഇന്ത്യയിലെ തീരദേശ പ്രദേശത്ത്, ഈ വിജ്ഞാപനം ബാധകമായ സ്ഥലങ്ങളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പിന്നീട് (നിലവിലെ) തീരദേശ നിയന്ത്രണ വിജ്ഞാപനം 2011 പുറപ്പെടുവിച്ചു. അതു പ്രകാരം കേരളത്തിലെ എല്ലാ ദ്വീപുകളും തീരപ്രദേശങ്ങളും നിയന്ത്രണരേഖക്ക് ഉള്ളിലായി. വേലിയേറ്റവും വേലിയിറക്കവും ബാധിക്കുന്ന ചെറിയ കൈത്തോടുകൾ പോലും ഇതിന്റെ പരിധിയിൽ വന്നു. നിയന്ത്രണപ്രദേശങ്ങളെ CRZ I, CRZ II, CRZ III, CRZ IV എന്നിങ്ങനെ നാല് ആയി തരം തിരിച്ചിരിക്കുന്നു. CRZ V-ാം ഭാഗത്തിൽ പ്രത്യക പരിഗണന അർഹിക്കുന്ന മേഘലകളുടെ കൂട്ടത്തിൽ ഗ്രേറ്റർ മുബൈ, കേരളം, ഗോവ, എന്നീ സ്ഥലങ്ങളെ ഉൽപ്പെടുത്തി.

കേരളത്തിലെ മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങൾ CRZ II -ലും പഞ്ചായത്ത് പ്രദേശങ്ങൾ CRZ III -ലും ഉൾപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതൃത്തിക്കനുസൃതമായി അല്ല ഇങ്ങ തരം തിരിക്കേണ്ടതല്ലെങ്കിലും കേരളത്തിൽ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. CRZ II-ൽ ഉൾപ്പെടുന്ന പ്രദേശത്ത് നിലവിലുള്ള റോഡിന്റെയോ, നിർദ്ദിഷ്ട റോഡിന്റെയോ കരഭാഗത്ത് നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമാണ്. അതോടൊപ്പം നിയമപ്രകാരം നമ്പർ ലഭിച്ചിട്ടുള്ള കെട്ടിങ്ങളുടെ നർമ്മാണ രേഖയിൽ നിന്ന് കരഭാഗത്തേക്കും പണിയാം. എന്നാൽ CRZ III-ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത്, കടൽ തീരത്തുനിന്നും 200 മീറ്ററും, പുഴ മുതലായവയിൽ നിന്ന് 100 മീറ്ററും അകലത്തിൽ വേണം നിർമ്മാണങ്ങൾ നടത്താൻ.

എന്നാൽ കേരളത്തിൽ ബാക്ക് വാട്ടർ (കായൽ) ദ്വീപുകളിൽ നിയന്ത്രണ രേഖകളിൽ നിന്നും (കൈതോട്, പൊക്കാളിപ്പാടം, കായൽ, പുഴ) 50 മീറ്റർ അകലം വിട്ട് തദ്ദേശവാസികൾക്ക് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താം. ഇതാണ് കേരളത്തിന് നൽകിയിട്ടുള്ള ആകെ ആനുകൂല്യം. കേരളത്തിന് നൽകിയിട്ടുള്ള പ്രത്യേക പരിഗണന ഉൾക്കൊള്ളുന്ന ഇങ്ങ ഢ -ൽ ഉൾപ്പെടുത്തിയാണ് 50 മീറ്ററിന്റെ ഇളവ് നൽകിയിരിക്കുന്നത്. 50 മീറ്ററിനുള്ളിൽ തദ്ദേശവാസികളുടെ നിലവിലുള്ള കെട്ടിടങ്ങൾ കേടുപാടുകൾ തീർക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാം. 50 മീറ്ററിനപ്പുറത്ത് ബാക്ക്വാട്ടർ ദ്വീപുകളിൽ തദ്ദേശവാസികളുടെ ഭവന നിർമ്മാണം പഞ്ചായത്തിന്റെ മുൻ അനുമതിയോടെ നടത്താവുന്നതാണ്. അത്തരം മുൻകൂർ അനുമതി ആദ്യം പഞ്ചായത്തുകൾക്ക് നൽകാനുള്ള അധികാരമുണ്ടായിരുന്നുവെങ്കിൽ 2013 ജനുവരിയിൽ ഇറങ്ങിയ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്ത് കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയെ സമീപിക്കണം.

### CRZ എങ്ങനെ ബാധിക്കുന്നു ?

പതിനായിരകണക്കിന് തീരദേശവാസികൾ അക്ഷരാർത്ഥത്തിൽ ഈ നിയന്ത്രണങ്ങൾ മൂലം ഭവനം നിർമ്മിക്കാനാവാതെ കേഴുകയാണ്. കേരളത്തിലെ സാഹചര്യത്തിൽ കൈതോടുകളും കായൽ തുരുത്തുകളും ധാരാളമായുള്ള തീരപ്രദേശത്ത് സംരക്ഷണത്തിന് പകരം സംഹാരമാണ് ഈ വിജ്ഞാപനം മൂലം അനുഭവപ്പെടുന്നത്. ജനിച്ചുവീണ മണ്ണിൽ സ്വന്തമായി ലഭിക്കുന്ന തുണ്ട് ഭൂമിയിൽ യാതൊരു നിർമ്മാണവും നടത്താനാവാതെ നിരവധി ആളുകളാണ് കഷ്ടത അനുഭവിക്കുന്നത്. പലരും ഇത് വിധി എന്നുകരുതി സമാധാനിക്കുന്നു. അതേ സമയം എറണാകുളം ഗോശ്രീ റോഡിൽ പോലും വലിയകെട്ടിടങ്ങൾ മാനംമുട്ടെ ഉയർന്ന് കായലിൽ കാലുറപ്പിച്ച് നിൽക്കുന്നു. ജനസംഖ്യയുടെയും നിർമ്മാണ അനുപാതത്തിന്റെയും പേരിൽ CRZ II - ൽ ഉൾപ്പെടുത്തേണ്ട പല പ്രദേശങ്ങളും പഞ്ചായത്ത് ആയതിന്റെ പേരിൽ ഇങ്ങ കകകയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

CRZ ഏറ്റവും ദോഷകരമായി ബാധിക്കുന്നത് ജനനിബിഡമായ ദ്വീപുകളെയാണ്. 50 മീറ്റർ എന്ന നിയന്ത്രണമുള്ളതിനാൽ ജലാശയങ്ങൾക്കു സമീപവും, കടലിനു 200 മീറ്റർ സമീപവും പുതിയ ഭവന നിർമ്മാണം അനുവദിക്കില്ല. എന്നാൽ ജനങ്ങളുടെ നിസ്സഹായാവസ്ഥ കണ്ട് കോടതി മുഖേനെയും, മുമ്പ് ഇറങ്ങിയ സർക്കാർ ഉത്തരവുകളിലൂടെയും വീടുകൾക്ക് താൽക്കാലിക നമ്പർ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ പുറത്തിറക്കിയ ഉത്തരവിൽ അത്തരം താൽക്കാലിക നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് ശക്തമായ രീതിയിൽ നിയന്ത്രണം നടപ്പാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

പുനർ നിർമ്മാണത്തിനും അനുവദനീയ നിർമ്മാണങ്ങൾക്കും തിരുവനന്തപുരത്ത് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതാറിറ്റിയെ സമീപിക്കണം. അവിടെയാകട്ടെ ആവശ്യത്തിന് ഉദ്യോഗസ്ഥരില്ല എന്ന കാരണത്താൽ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ജില്ലാ തലങ്ങളിൽ ഈ അധികാരം കൈമാറി നൽകാൻ ശുപാർശകൾ ഉണ്ടെങ്കിലും ഇപ്പോഴും അത് നടപ്പിലായിട്ടില്ല. വിരോധാഭാസമെന്ന് പറയട്ടെ, തീരനിയന്ത്രണ രേഖ നിശ്ചയിക്കുന്നതിനുള്ള മാനേജ്മെന്റ് പ്ലാൻ ഇപ്പോഴും പൂർത്തിയായിട്ടില്ല. മുൻ വിജ്ഞാപനത്തിലെ പ്ലാൻ പ്രകാരം തന്നെയാണ് ഇപ്പോഴും നിയന്ത്രണ രേഖ നിശ്ചയിച്ചിരിക്കുന്നത്.

### പുതിയ നിർദ്ദേശങ്ങൾ

ഈ വിഷയം പഠിക്കാൻ നിയോഗിച്ച ശൈലേഷ് നായക് കമ്മിറ്റി ശുപാർശകൾ സർക്കാർ പുറത്തുവിട്ടില്ലെങ്കിലും വിവരാവകാശ നിയമം മൂലം അത് പുറത്തായി. പഞ്ചായത്തുകളെ ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് നിരോധിത മേഖല 10 മീറ്റർ ആയി ചുരുക്കുന്ന രീതിയിൽ ശുപാർശകൾ ഉണ്ടെങ്കിലും അത് ജനനിബിഡ പ്രദേശങ്ങൾക്കു മാത്രമായി ചുരുങ്ങുമോ എന്നും ആശങ്ക നിലനിൽക്കുന്നു. സ്ക്വയർ കിലോമീറ്ററിൽ 2161 ജനസംഖ്യയുള്ള പഞ്ചായത്തുകളെ മാത്രമായി കണക്കിലെടുത്ത് അങ്ങനെ ഒരു തീരുമാനം വന്നാൽ കേരളത്തിലെ ഭൂരിപക്ഷം ദ്വീപുകൾക്കും ഈ പരിഗണന ലഭിക്കാതെ വരും. അതേ സമയം കടൽ തീരത്ത് ഈ ആനുകൂല്യം നൽകി റോഡുകൾക്കു കരഭാഗത്തേക്ക് നിർമ്മാണം അനുവദിച്ചാൽ ടൂറിസം ലോബിയുടെ കടന്നുകയറ്റം മൂലം പരമ്പരാഗത തീരവാസികൾ പുറംതള്ളപ്പെടുമെന്നതും ചർച്ചയാണ്. ഏതായാലും ഈ നിർദ്ദേശങ്ങൾ ഔദ്യോഗികമായി പുറത്തുവിടാനോ ചർച്ച ചെയ്യാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. കായൽതീര ദീപുകളിൽ നിലവിലുള്ള കെട്ടിടങ്ങൾക്കും റോഡിനും കരഭാഗത്തേക്ക് നിർമ്മാണം അനുവദിക്കാനുള്ള തീരുമാനമുണ്ടായാൽ അത് പ്രയോജനം ചെയ്യും. പക്ഷെ ഭവനനിർമ്മാണത്തിനുള്ളതായി മാത്രം എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടായില്ലെങ്കിൽ തീരം മുഴുവൻ വൻകിട കെട്ടിടങ്ങൾ തിങ്ങി തദ്ദേശവാസികൾ പുറംതള്ളപ്പെടുന്ന സ്ഥിതിയും ഉണ്ടായിക്കൂടെന്നില്ല.

# സർക്കാർ സീറ്റ്, അങ്ങനെയൊന്നുണ്ടോ?

**ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ**

ഈ അടുത്തകാലത്തായി മാധ്യമങ്ങളും രാഷ്ട്രീയക്കാരുമെല്ലാം സ്വാശ്രയ കോളേജുകളിലെപോലും സർക്കാർ സീറ്റുകളെക്കുറിച്ചു പറയാറുണ്ട്. ടി.എം.എ. പൈ കേസിലെ വിധി വിദ്യാർഥിപ്രവേശനം മാനേജുമെന്റിന്റെ അവകാശമാണെന്നു തീർത്തും വ്യക്തമാക്കുന്നുണ്ട്. 1972-ലെ വിദ്യാഭ്യാസസമരത്തിന്റെ അവസാനം ഗവൺമെന്റിന്റെ സമ്മർദ്ദത്തിനു വഴങ്ങി രൂപപ്പെടുത്തിയ ഡയറക്ട് പേമെന്റ് എഗ്രിമെന്റിലാണു സീറ്റുകളെ പല ഗണങ്ങളായി തിരിച്ചതും അധ്യാപകനിയമനത്തിനു മാനേജുമെന്റിന്റെ ഭൂരിപക്ഷമുള്ള ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന വ്യവസ്ഥവച്ചതും. അടിച്ചേൽപ്പിച്ച ഈ വ്യവസ്ഥകൾ മൗലികാവകാശത്തിന്മേലുള്ള കൈയേറ്റമായതുകൊണ്ട് ഇത് എന്നും നിയമപരമായി ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആ ധാരണയിൽ പോലും ജനറൽ മെരിറ്റ് അനുസരിച്ച് കൊടുക്കേണ്ട സീറ്റുകൾ, പിന്നാക്കവിഭാഗങ്ങൾക്കായി നീക്കി വയ്ക്കാവുന്ന സീറ്റുകൾ, മാനേജുമെന്റ് കമ്യൂണിറ്റിക്കുള്ള സീറ്റുകൾ എന്നെല്ലാം ഗണങ്ങൾ തിരിക്കുകയുണ്ടായി. പക്ഷേ എല്ലാ സീറ്റുകളിലും പ്രവേശനം നൽകേണ്ടതു മാനേജുമെന്റായിരിക്കണം എന്ന കാര്യത്തിൽ മാറ്റമുണ്ടായില്ല.

ഒരു കോളേജിൽ എൻആർഐക്കാർ ഒഴിച്ച് എല്ലാവർക്കും ഒരേ ഫീസ് ആയിരിക്കണമെന്നായിരുന്നു സുപ്രീംകോടതി നിർദേശം. പക്ഷേ ഇപ്പോൾ സമ്മർദത്തിനു വഴങ്ങി മൂന്നുതരം ഫീസ് നിരക്കിനാണ് മാനേജുമെന്റുകൾ സമ്മതിച്ചിരിക്കുന്നത്. 20 ശതമാനം പേർക്ക് 25,000 രൂപ ഫീസും ന്യൂനപക്ഷവിഭാഗങ്ങളിലുംമറ്റും പെട്ടവർക്ക് (30 ശതമാനത്തിന്) 11 ലക്ഷം രൂപ ഫീസും എൻ ആർ ഐക്ക് 15 ലക്ഷം രൂപ ഫീസും! ഇത് എവിടത്തെ നീതിയാണ്? മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയങ്ങളിൽ പഠിക്കുകയും കോച്ചിംഗ് ലഭിക്കുകയും ചെയ്യുന്ന സാമ്പത്തിക ശേഷിയുള്ള കുട്ടികൾക്കാണ് 25,000 രൂപ നിരക്കു വച്ചിരിക്കുന്നത്! സാമ്പത്തികശേഷി കുറഞ്ഞവർക്ക് 11 ലക്ഷം രൂപയും! പൊതുമെരിറ്റിൽ വരുന്നവർക്ക് 25,000 രൂപ ഫീസ് നിശ്ചയിച്ചിരിക്കുമ്പോൾ കോളേജ് സ്ഥാപനത്തിലും നടത്തിപ്പിനുമെല്ലാം പണം മുടക്കിയ ന്യൂനപക്ഷങ്ങളുടെ കുട്ടികൾക്ക് 11 ലക്ഷം രൂപയും! ഇത് ഇരട്ടി അനീതിയാണെന്നേ പറയാനാവൂ. എന്നിട്ടും പല മാധ്യമങ്ങളും 25,000 രൂപയായി ഒരു കൂട്ടരുടെ ഫീസ് ഉയർത്തിയതിനെതിരെ കലികൊള്ളുകയാണ്.

കേന്ദ്ര ഗവൺമെന്റ് എട്ടാം ക്ലാസു വരെ പഠിക്കേണ്ട വിദ്യാർഥികൾക്കായി നിർബന്ധ വിദ്യാഭ്യാസ നിയമം കൊണ്ടുവന്നപ്പോൾ സാമ്പത്തികശേഷി കുറഞ്ഞ കുട്ടികൾക്കു പൊതുഫണ്ടിൽനിന്നു നൽകാനാണ് തീരുമാനിച്ചത്. അത് ശരിയായ രീതിയുമാണ്. അല്ലാതെ ഒരുകൂട്ടം കുട്ടികളെക്കൊണ്ടു മറ്റുള്ളവരെ പഠിപ്പിക്കണമെന്നു നിർബന്ധിക്കുന്നതു തീർത്തും അന്യായമാണ്. ഇങ്ങനെയുള്ള അനീതികളെ കുറെ മാധ്യമങ്ങളും ചില രാഷ്ട്രീയക്കാരും പിന്തുണയ്ക്കുന്നതു വിചിത്രമാണ്. മറ്റുള്ളവരുടെ ചെലവിൽ ഏതാനുംപേരെ സൗജന്യമായി പഠിപ്പിക്കാൻ കഴിയുക വലിയ നേട്ടമായിട്ടാണ് അവർ ചിത്രീകരിക്കുക. പക്ഷേ, അതു സാധ്യമാക്കുന്ന അനീതി അവർ കാണാ ത്തതാണോ അതോ മറച്ചുവയ്ക്കുന്നതാണോ?

തീർച്ചയായും അർഹതയുള്ള പാവപ്പെട്ട വിദ്യാർഥികൾക്കും പഠനസൗകര്യം ലഭ്യമാക്കണം. പക്ഷെ, അതിന് ഒരാളെ പിഴി ഞ്ഞ് മറ്റുള്ളവർക്കു നൽകുന്ന പദ്ധതിയല്ല വേണ്ടത്. സർക്കാരിന്റെ പൊതുഫണ്ടാണ് ഇതിന് ഉപയോഗിക്കേണ്ടത്. സർക്കാർ വിദ്യാലങ്ങളിലെ മുഴുവൻ ചെലവും പൊതുഫണ്ടിൽ നിന്നാണല്ലോ നൽകുന്നത്. സർക്കാർ വിദ്യാലയങ്ങൾക്കായി പൊതുഫണ്ടിൽ നിന്ന് എന്തു തുക സർക്കാർതന്നെ ചെലവാക്കുന്നുണ്ട് എന്ന കണക്ക് സുതാര്യത പറയുന്ന രാഷ്ട്രീയക്കാർ പൊതുജനത്തെ അറിയിക്കാറില്ലല്ലോ.

### വിദ്യാഭ്യാസരംഗത്തു നീതിയും സമാധാനവും പുലർത്തണം

സ്വയം നീതീകരിക്കാനായി സർക്കാരുകൾ മാനേജുമെന്റുകളെ അടച്ചാക്ഷേപിക്കുകയാണ് എന്നുമുള്ള പതിവ്. പക്ഷേ സർക്കാരിന്റെ എല്ലാ രംഗങ്ങളിലും പൊതു സ്ഥാപനങ്ങളിലും അഴിമതി നടക്കുന്നുവെന്ന ധാരണ പൊതുജനങ്ങൾക്കുമുണ്ടല്ലോ. അതുകൊണ്ടു മന്ത്രിസഭകളും മറ്റു ഭരണസംവിധാനങ്ങളും വേണ്ട എന്ന് ആരെങ്കിലും പറയാറുണ്ടോ? അഴിമതി നടത്തുന്നവരെ സത്യസന്ധമായി കണ്ടെത്തുകയും പരിഹാരമുണ്ടാക്കുകയുമല്ലേ വേണ്ടത്?

ഇതിനെല്ലാം ആദ്യമായി വേണ്ടതു ന്യായമായ ഫീസ് ഘടന രൂപീകരിക്കുക എന്നുള്ളതാണ്. കേവലം അനുദിന ചെലവുകൾ നടത്താൻ മാത്രമല്ല, വിദ്യാലയങ്ങളുടെ ന്യായമായ വികസനത്തിനുകൂടി ആവശ്യമായ ഫീസാണ് മാനേജുമെന്റ് നിശ്ചയിക്കേണ്ടത്. ഇതു ടി.എം.എ. പൈ കേസിലെ വിധിതീർപ്പ് വ്യക്തമാക്കിയതാണ്. ഫീസ് ന്യായമാണോ എന്ന മുൻവിധി കൂടാതെ സർക്കാർ പരിശോധിക്കുന്നതിൽ തെറ്റില്ല. വിദ്യാഭ്യാസരംഗത്തിന്റെ പുരോഗതിയാണ് എല്ലാവരും ലക്ഷ്യമാക്കേണ്ടത്. പാവപ്പെട്ട വിദ്യാർഥികൾക്ക് ആവശ്യമായ സ്കോളർഷിപ്പുകളും ലോണുകളും സർക്കാർ ലഭ്യമാക്കുകയും വേണം.

മാനേജുമെന്റുകൾ സമ്മർദങ്ങളുടെ പേരിൽ ന്യായമായ അവകാശങ്ങൾ അടിയറവയ്ക്കാനല്ല ശ്രമിക്കേണ്ടത്. തങ്ങളുടെ ഭാഗം പൊതുജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയും ന്യായമായ മാർഗങ്ങളിലൂടെ ഒറ്റക്കെട്ടായി സർക്കാരുകളുടെ തെറ്റായ നീക്കങ്ങളെ ചെറുക്കുകയുമാണു വേണ്ടത്. ചില്ലറ അസൗകര്യങ്ങളുടെ പേരിൽ ജന്മാവകാശം തീറെഴുതി കൊടുക്കുകയല്ല വേണ്ടത്. ഏതായാലും വിദ്യാഭ്യാസരംഗത്തു നീതിയും സമാധാനവുമാണല്ലോ ആവശ്യം, അല്ലാതെ ഭീഷണിയും കൈയേറ്റവുമല്ല വിദ്യാഭ്യാസരംഗത്ത് പുലരേണ്ടത്.

വിദ്യാഭ്യാസരംഗം കലുഷിതമാക്കാതെ, എല്ലാവരെയും യോജിപ്പിച്ച് സമഗ്രപുരോഗതിക്കുവേണ്ടി പ്രവർത്തിക്കാനാണ് നാമെല്ലാവരും ശ്രമിക്കേണ്ടത്. കാലഹരണപ്പെട്ട സിദ്ധാന്തങ്ങൾ മാറ്റിവച്ച് നീതിക്കും യുക്തിക്കും നിരക്കുന്ന പ്രായോഗികമായ പരിപാടികൾ സ്വീകരിച്ച് വിദ്യാഭ്യാസരംഗത്തെ പുരോഗതിയിലേക്കു നയിക്കാനും സമാധാനം പുലർത്താനുമായിരിക്കണം സർക്കാരുകളുടെ ശ്രമം. **(ദീപിക,16/9/2016)**

# തെരുവുനായ്പ്രശ്നം മനുഷ്യനിർമിത ദുരന്തം

**സാബു സ്റ്റീഫൻ**

മൃഗ ജനന നിയന്ത്രണ ചട്ടം (അനിമൽ ബർത്ത് കൺട്രോൾ ആക്ട്) ഭരണഘടനാ വിരുദ്ധമാണെന്ന വാദം സുപ്രീംകോടതി അംഗീകരിച്ചത് തെരുവുനായ്ക്കളെ കൊല്ലാൻ അനുമതി തേടിയുള്ള നിയമപോരാട്ടത്തിൽ വലിയ വഴിത്തിരിവാണ്. തെരുവുനായ്ക്കളെ കൊല്ലേണ്ടതില്ല, പകരം അവയുടെ ജനനം നിയന്ത്രിച്ചാൽ മതി എന്നാണു മൃഗസ്നേഹികൾ വാദിച്ചിരുന്നത്. അവർ കൂട്ടുപിടിച്ചിരുന്നത് ഈ എബിസി ചട്ടത്തെ ആയിരുന്നു. എന്നാൽ, ജനങ്ങളുടെ സ്വൈരവിഹാരം ഉറപ്പുവരുത്തുന്നതിനുള്ള 59 നിയമങ്ങൾക്ക് എതിരാണ് ഈ ഒരൊറ്റ ചട്ടം എന്നായിരുന്നു എന്റെ ഹർജി. സെക്ഷൻ 11 സബ്സെക്ഷൻ 3, ക്ലോസ് മൂന്നിൽ തെരുവുനായ്ക്കളെ നിയമപരമായി ചേംബറുകളിൽ കൊല്ലേണ്ടുന്നതിനെക്കുറിച്ചും സെക്ഷൻ 38 സബ്സെക്ഷൻ ഇഎയിൽ കേന്ദ്ര ഗവൺമെന്റിനു തെരുവുനായ്ക്കളെ നശിപ്പിക്കാൻ സ്വീകരിക്കാവുന്ന മറ്റു മാർഗങ്ങളെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിനെയെല്ലാം അപ്രസക്തമാക്കുന്നതാണ് എബിസി ചട്ടം. എബിസി ചട്ടം 16 വർഷമായി രാജ്യത്തിനു പരുക്കേൽപിച്ചുകൊണ്ടിരിക്കുകയാണെന്ന് ഹർജിയിൽ ആരോപിച്ചിരുന്നു.

ഇന്ത്യയിൽ പ്രതിവർഷം പേവിഷ ബാധമൂലം 20,000 പേർ മരിക്കുന്നതായാണ് ലോകാരോഗ്യ സംഘടനയുടെ കണക്കു പറയുന്നത് (ലോകത്തിലെ ഏറ്റവും വലിയ ദുരന്തമായ ഭോപ്പാൽ ദുരന്തത്തിൽ മരിച്ചതു 16,0000 പേരാണ് എന്നോർക്കുക). കഴിഞ്ഞ 15 വർഷത്തിനിടെ പേവിഷ ബാധയേറ്റു മരിച്ചവരുടെ എണ്ണം മൂന്നു ലക്ഷത്തിലധികം വരും. 2012ൽ 1.65 കോടി ജനങ്ങളെ ഇന്ത്യയിൽ തെരുവുനായ്ക്കൾ ആക്രമിച്ചു. 2015ലെ കണക്കനുസരിച്ച് തെരുവുനായ് ശല്യം മൂലമുള്ള രാജ്യത്തിന്റെ സാമ്പത്തിക നഷ്ടം 18655 കോടിയാണ്.

നായ്ക്കളെ കൊല്ലാൻ നിയമം ഉണ്ടായിരിക്കെ, അതിനു പകരം, ജനന നിയന്ത്രണം മതി എന്ന ആശയംകൊണ്ടുവന്ന് നായ്ക്കളെ കൊല്ലാതിരിക്കുന്നതു വഴിയാണ് ഈ ദുരന്തം. ഇതിനെ മനുഷ്യനിർമിത ദുരന്തം എന്നു വേണം വിളിക്കാൻ. ഇനി, വന്ധ്യംകരണം നടപ്പാക്കിയാൽ മതി എന്ന വാദത്തിൽ സാധാരണ പൗരന്മാർക്കുള്ള ചില സംശയങ്ങളെക്കുറിച്ച് - വന്ധ്യംകരണം നടത്തിയാൽ നായ്ക്കൾ കടിക്കാതിരിക്കുമെന്നു പറയുന്നതിൽ എന്തു ശാസ്ത്രീയതയാണുള്ളത്? മാത്രമല്ല, നായ്ക്കൾ വാഹനങ്ങൾക്കു കുറുകെ ചാടി ഉണ്ടാക്കുന്ന അപകടത്തിൽ വന്ധ്യംകരണം പരിഹാരമാകുമോ? മാത്രമല്ല, മൃഗ ജനന നിയന്ത്രണ ചട്ടം(എബിസി) ഈ ചട്ടത്തിന്റെ മാതൃനിയമമായ ജന്തുക്കൾക്കെതിരായ ക്രൂരത തടയൽ നിയമത്തിന്(1960) എതിരാണ്. ക്രൂരത തടയൽ നിയമത്തിൽ ഏതെങ്കിലും ജീവിയെ കൊല്ലാൻ സമ്മതിക്കുന്നുണ്ടെങ്കിൽ അത് തെരുവുനായ്ക്കളെ മാത്രമാണ്. അഹിംസാവാദിയായ ഗാന്ധിജി, കൊല്ലാമെന്നു പറഞ്ഞ ഒരേയൊരു ജീവി തെരുവുനായ ആണ് എന്നതും കോടതിയിൽ ചൂണ്ടിക്കാട്ടുകയുണ്ടായി. പലയിടത്തും ആളുകളുടെ കല്ലേറു കൊണ്ടും ദാരുണാന്ത്യത്തിനു വിധേയമാവുകയാണു തെരുവുനായ്ക്കൾ എന്നതു നമ്മൾ കണ്ടു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട്, മൃഗസ്നേഹികൾ എന്നു പറയുന്നവർക്കു ശരിയായ സ്നേഹമാണ് ഉള്ളതെങ്കിൽ അവർ തെരുവുനായ്ക്കളെ ശാസ്ത്രീയമായി കൊല്ലാനുള്ള നിയമങ്ങൾക്കൊപ്പമാണു നിൽക്കേണ്ടത്.

ഇന്ത്യയിൽ ആകെയുള്ളത് 1.71 കോടി തെരുവുനായ്ക്കളാണ്. ഇന്ത്യയിൽ ഭക്ഷണാവശ്യത്തിനും മറ്റുമായി പ്രതിവർഷം അറക്കപ്പെടുന്ന ജീവികളുടെ എണ്ണം 231 കോടിയാണ്. അതായത്, ആകെ അറക്കപ്പെടുന്ന ജീവികളുടെ ഒരു ശതമാനത്തിൽ താഴെയാണ് ഇന്ത്യയിലെ തെരുവുനായ്ക്കൾ. അപ്പോൾ ഈ ഒരു ശതമാനത്തിനു വേണ്ടി മാത്രം മൃഗസ്നേഹികൾ വാദിക്കുന്നതെന്തുകൊണ്ട്? തെരുവുനായ്ക്കൾ മാത്രമാണു മരുന്നു വ്യാപാരത്തെ തുണയ്ക്കുന്ന ജീവി എന്നതുകൂടി കൂട്ടിവായിക്കുമ്പോൾ സംശയങ്ങൾ ബലപ്പെടുന്നതു സ്വാഭാവികമല്ലേ?

**(മലയാള മനോരമ, 11/9/2016)**

# വനഭൂമിയുടെ പേരിൽ പാവങ്ങളെ വഴിയാധാരമാക്കരുത്

തുണ്ടുഭൂമിയിൽ പാർക്കുകയും അധ്വാനിക്കുകയും ചെയ്യുന്ന നിരവധി സാധാരണക്കാർക്കു വീണ്ടും വനംവകുപ്പിന്റെ കുടിയിറക്കു ഭീഷണി. വനാതിർത്തി നിർണയത്തിന്റെ പേരിലുള്ള മറ്റൊരു കുടിയിറക്കു നീക്കത്തിന് അണിയറയിൽ ഒരുക്കങ്ങൾ പൂർത്തിയായിവരുകയാണ്. 1977നു ശേഷം കൈയേറിയ വനഭൂമി ഒഴിപ്പിക്കണമെന്ന കഴിഞ്ഞ സെപ്റ്റംബറിലെ ഹൈക്കോടതി വിധിയാണ് ഇപ്പോഴത്തെ നീക്കത്തിന്റെ നിയമപരമായ അടിസ്ഥാനമായി ചൂണ്ടിക്കാട്ടുന്നത്. എന്നാൽ ഇത്തരമൊരു നീക്കത്തിന് എന്ത് ആധികാരികതയും ധാർമ്മികതയുമാണുള്ളത്? യഥാകാലം സർവ്വേ നടത്തുകയോ സംയുക്ത പരിശോധന നടത്തുകയോ ചെയ്യാതെ വനംവകുപ്പിന്റെ തന്നിഷ്ടത്തിൽ നടത്തിയ വനഭൂമി നിർണയത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട ജനങ്ങളെ പെരുവഴിയിലാക്കുന്നത് എന്തു നീതിയാണ്?

റവന്യൂഭൂമിയും വനഭൂമിയും കണ്ടെത്തി യഥാർഥ സ്ഥലമുടമകൾക്ക് പട്ടയവും മറ്റു രേഖകളും കൈമാറുന്നതിനു പകരം കോടതി വിധി മറയാക്കി പാവപ്പെട്ടവരെ ദ്രോഹിക്കാൻ നീക്കം നടക്കുന്നതു ചെറുക്കപ്പെടേണ്ടതുതന്നെ. ഹൈറേഞ്ച് സംരക്ഷണസമിതിയും ഇൻഫാമും ചില രാഷ്ട്രീയ നേതാക്കളും കർഷകസംഘവും ഈ അനീതിക്കെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്.

അനധികൃത കൈയേറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ അതു കണ്ടുപിടിക്കുന്നതിനു വ്യവസ്ഥാപിതമായ മാർഗങ്ങളുണ്ട്. അതിനു പകരം, അസംഘടിതരും രാഷ്ട്രീയ പിന്തുണ ഇല്ലാത്തവരുമായ ഒരു വിഭാഗം ജനങ്ങളെ വനഭൂമിയുടെ പേരിൽ ദ്രോഹിക്കുന്നതു കടുത്ത അനീതിയാണ്. അതു മനസിലാക്കാൻ സംസ്ഥാനത്തെ രാഷ്ട്രീയ നേതൃത്വവും ഉന്നതോദ്യോഗസ്ഥരും തയാറാകണം. നിയമം കടുകിട തെറ്റിക്കാതെ നടപ്പാക്കാൻ വ്യഗ്രതപ്പെടുന്നവർ ഈ ഭൂമിയിൽ താമസിക്കുകയും അവിടെ പണി ചെയ്തു ജീവിക്കുകയും ചെയ്യുന്നവർക്കു നീതി ലഭിക്കുന്നുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്.

വനഭൂമിയുടെ സംരക്ഷണത്തിനു നിയോഗിക്കപ്പെട്ടവരുടെ അറിവില്ലായ്മകൊണ്ടും കൈത്തെററുകൾ മൂലവും ഭൂമി നഷ്ടപ്പെടുന്നവരുണ്ട്. വനഭൂമിയല്ലാത്ത പ്രദേശത്തു താമസിച്ചു ജീവി

താവോധത്തിനായി അവിടെ കൃഷി ചെയ്യുന്നവരെ ഇത്തരം ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കണം. വനംവകുപ്പു നൽകുന്ന രേഖകളുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാവും കോടതിയുടെ ഉത്തരവ് എന്നതിനാൽ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളിലെ തെറ്റുകൾ തിരുത്തപ്പെടുകതന്നെ വേണം.

യാഥാർഥ്യങ്ങൾ സർക്കാർ മനസിലാക്കുകയും ജനങ്ങളുടെ അവസ്ഥ ബോധ്യപ്പെട്ട് പാവപ്പെട്ടവരെ സഹായിക്കുകയും വൻകിട കൈയേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വനഭൂമി കൈയേറിയെന്ന സംശയത്തിൽ പട്ടയഭൂമി പോലും തിരിച്ചുപിടിക്കാനുള്ള നീക്കമാണിപ്പോൾ നടക്കുന്നതെന്നു തോന്നുന്നു. മലയോരമേഖലയിൽ വനഭൂമി കൃത്യമായി ജണ്ട യിട്ടു വേർതിരിച്ചിട്ടുള്ളതാണ്. അതിനുള്ളിൽ കടന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കട്ടെ. ജണ്ടയ്ക്കു പുറത്തുള്ള കൈവശഭൂമിക്കുമേലും കൈവയ്ക്കാനുള്ള ശ്രമം നീതീകരിക്കാനാവില്ല. വനംവകുപ്പുതന്നെ ജണ്ട പൊളിച്ച് അനധികൃത നീക്കങ്ങൾ നടത്തിയിട്ടുണ്ട്. കർഷകരെ ദ്രോഹിക്കുക മാത്രമാണ് ഇതിന്റെ ഉദ്ദേശ്യം. ഏതു സർക്കാർ വന്നാലും പാവപ്പെട്ട കർഷകരെയും ചെറുകിട ഭൂവുടമകളെയും ദ്രോഹിക്കുന്ന രീതിയാണ് ഇവിടെയുള്ളത്. ഇതിനു പരിഹാരം ഉണ്ടായേ തീരൂ. **(ദീപിക, 20/9/2016)**

# നയതന്ത്രപരിഹാരം തേടണം

**ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങര**

**ന്യൂഡൽഹി:** ഇന്ത്യ-പാക്കിസ്ഥാൻ പ്രശ്നത്തിൽ നയതന്ത്രപരമായ പരിഹാരത്തിന് എല്ലാവരും പരിശ്രമിക്കണമെന്ന് ഡൽഹി ഫരീദാബാദ് രൂപത ആർച്ചബിഷപ് മാർ കുര്യോക്കോസ് ഭരണികുളങ്ങര.

കാൻസർ പോലെ ലോകമാകെ വ്യാപിച്ചു കൊണ്ടിരിക്കുന്ന വിപത്താണു തീവ്രവാദം. അതിനെ വിവേകത്തോടെയും നയതന്ത്രപരമായും ആണു നേരിടേണ്ടതെന്നും ഐക്യരാഷ്ട്രസഭയിലെ മുൻനയതന്ത്രജ്ഞൻ കൂടിയായ ആർച്ച്ബിഷപ് പത്രസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. വിവേകവും പൊതുനന്മയും പ്രതികാരത്തെയും വികാരത്തെയും അതിജീവിക്കേണ്ട സമയമാണിത്.

സമാധാനത്തിനും അയൽരാജ്യങ്ങളുമായി സൗഹൃദം നിലനിൽക്കുന്നതിനും ഫരീദാബാദ് രൂപതയുടെ കീഴിലുള്ള എല്ലാ ഇടവകകളിലും അടുത്തമാസം 16നു പ്രാർഥനാ ദിനമായി ആചരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. ആലോചനയില്ലാത്ത നടപടികൾ യുദ്ധത്തിൽ കലാശിക്കും. ഒരു യുദ്ധം സമ്പദ്വ്യവസ്ഥ ഉൾപ്പെടെ രാജ്യത്തെ ഒരുപാടു വർഷം പിന്നോട്ടു കൊണ്ടുപോകുമെന്ന് ഇറാഖ് യുദ്ധ മേഖലയിൽ മൂന്നു വർഷം പ്രവർത്തിച്ചു പരിചയമുള്ള ആർച്ച്ബിഷപ് ചൂണ്ടിക്കാട്ടി. തീവ്രവാദികൾക്കു നുഴഞ്ഞു കയറാനാകാത്ത വിധത്തിൽ അതിർത്തിയിൽ സുരക്ഷ ശക്താക്കണം. പത്താൻകോട്ടും, ഗുർദാസാപൂരും, ഉറിയിലും ഉണ്ടായ ഭീകരാക്രമണങ്ങൾ രഹസ്യാന്വേഷണ വിഭാഗത്തിന്റെ ആലസ്യത്തിലേക്കു വിരൽ ചൂണ്ടുന്നതെന്നും അദ്ദേഹം പറയുന്നു.

സംവാദത്തിനപ്പുറം നയതന്ത്രത്തിന്റെ വഴിയാണ് ഇപ്പോൾ തേടേണ്ടത്. പ്രാദേശിക, ദേശീയ തലങ്ങളിൽ നയതന്ത്രശ്രമങ്ങളെക്കുറിച്ചു ബോധവത്കരിക്കണം. ഭീകരതയ്ക്കു പാക്കിസ്ഥാൻ ഒളിഞ്ഞും തെളിഞ്ഞും നൽകുന്ന പിന്തുണയ്ക്കെതിര ആഗോളതലത്തിൽ തന്നെ പ്രതിഷേധങ്ങൾ ഉയരുന്നുണ്ട്. ഇക്കാര്യത്തിൽ പാക്കിസ്ഥാനെ ഒറ്റപ്പെടുത്താനുള്ള നയതന്ത്ര ശക്തി ഇന്ത്യക്കുണ്ട്. യുഎൻ പൊതുസഭയിൽ ഇന്ത്യ നൽകിയ മറുപടി ശക്തമാണ്. ഭാവിയിൽ പാക്കിസ്ഥാനെ അന്തർദേശീയമായി ഒറ്റപ്പെടുത്തുന്നതിനേക്കാൾ വലിയ ഒരായുധം വേറെയില്ലെന്നു ബിഷപ് ചൂണ്ടിക്കാട്ടി.

ഉറിയിൽ ഉൾപ്പെടെ രക്തസാക്ഷിത്വം വഹിച്ച ജവാൻമാരെ ആദരിക്കുന്നതിനൊപ്പം അവരുടെ കുടുംബത്തിനു പ്രാർഥനകളും അനുശോചനങ്ങളും അറിയിക്കുന്നതായി മാർ ഭരണികുളങ്ങര പറഞ്ഞു. ജവാന്മാരുടെ ത്യാഗം രാജ്യം എന്നും നന്ദിയോടെ ഓർമിക്കുമെന്നും അവരുടെ ആത്മ ശാന്തിക്കായി നടത്തുന്ന പ്രാർഥനകളിൽ പങ്കു ചേരുന്നുവെന്നും അദ്ദേഹം അറിയിച്ചു. കാഷ്മീരിലെ ആഭ്യന്തര പ്രശ്നങ്ങളിൽ പരിഹാരം കണ്ടെത്തുന്നതിന് എല്ലാ വിഭാഗങ്ങളുമായി ചർച്ചയ്ക്കു തയാറാകണം. കാഷ്മീർ വിഷയത്തിൽ രാഷ്ട്രീയ പരിഹാരമാണു വേണ്ടതെന്നും മാർ കുര്യാക്കോസ് ഭരണികുളങ്ങര വ്യക്തമാക്കി. സമാധാനം നിലനിർത്തുന്നതിനായി കാഷ്മീരിൽ ഉൾപ്പെടെ ക്രൈസ്തവസന്നദ്ധ സംഘടനകൾ ബോധവത്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

പ്രധാനമന്ത്രി നരേന്ദ്ര മോദി അധികാരത്തിൽ വന്ന സമയത്തേക്കാൾ ക്രൈസതവ സഭകളുമായുള്ള ബന്ധം ഇപ്പോൾ കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ ദളിത് വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കുമെതിരേ നടക്കുന്ന അക്രമങ്ങളെ ശക്തമായി സഭ എതിർക്കും. വികസന പ്രവർത്തനങ്ങളിൽ കേന്ദ്രസർക്കാരിന്റെ നല്ല പദ്ധതികളെ പിന്തുണയ്ക്കുമെന്നും ആർച്ചബിഷപ് വ്യക്തമാക്കി. ഫരിദാബാദ് രൂപത പ്രൊക്യുറേറ്റർ ഫാ. ഡേവിസ് കളിയത്ത്, പിആർഒ ഫാ. മാത്യു കിഴക്കേച്ചിറ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു. **(ദീപിക, 28/9/2016)**

# സ്വാശ്രയസമരം ഒത്തുതീർപ്പിലേക്ക് എത്തുമ്പോൾ

**സ്വാ**ശ്രയപ്രശ്നം പരിഹരിക്കപ്പെടുമോ അതോ സമരം ഒത്തുതീർത്തു സർക്കാരും പ്രതിപക്ഷവും നാടകം അവസാനിപ്പിക്കുമോ?

**മൂന്നു ചോദ്യങ്ങൾ: 1.** അഡ്മിഷനുള്ള മാനദണ്ഡം മെറിറ്റ്/ഇന്റർ സെ-മെറിറ്റ് മാത്രമായിരിക്കണം എന്ന കാര്യത്തിലെങ്കിലും യോജിച്ചൊരു തീരുമാനം ഉണ്ടാകുമോ? (മെറിറ്റ്-മാനേജ്മെന്റ് വിഭജനം അഴിമതിക്ക് വഴിയൊരുക്കും. സർക്കാർ പരീക്ഷനടത്തി പ്രസിദ്ധീകരിക്കുന്ന സംസ്ഥാന അഖിലേന്ത്യ ലിസ്റ്റ് അനുസരിച്ചു നൂറുശതമാനം സീറ്റിലും അഡ്മിഷൻ നടത്തിയാൽ എങ്ങിനെയാണ് മെറിറ്റ്-മാനേജ്മെന്റ് വിഭജനം സാധിക്കുക? സംസ്ഥാന സർക്കാർ ഇത് നടപ്പാക്കിയില്ലെങ്കിൽ അടുത്തവർഷം മുതൽ എങ്കിലും കേന്ദ്ര സർക്കാർ ഇതിനു മുന്നോട്ടു വരുമോ?) **2.** ഫീസ് നിർണയം കക്ഷിതാല്പര്യങ്ങൾക്കും സമ്മർദ തന്ത്രങ്ങൾക്കും അപ്പുറം വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്ക

നുസരിച്ചു നടത്താൻ തയ്യാറാകുമോ? റെക്കറിംഗ് എക്സ്പൻസ് അഥവാ തുടർ ചെലവുകൾ അനുസരിച്ചാകണം ഫീസ് നിർണയം എന്ന് എം.സി.ഐ നിർദേശമുണ്ടല്ലോ. 3. സ്കോളർഷിപ് അഥവാ ഫീസിളവ് നൽകേണ്ടത് സാമ്പത്തികമായി പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾക്കാണ് എന്നകാര്യത്തിൽ രാഷ്ട്രീയപാർട്ടികൾക്കു അഭിപ്രായ ഐക്യം ഉണ്ടോ? ഇതിനുള്ള ക്രമീകരണങ്ങൾ മാനേജുമെന്റുകളും സർക്കാരും ഏർപ്പെടുത്തുന്നതിൽ എന്താണ് തടസമായി നിൽക്കുന്നത്? സ്വാശ്രയ കോളേജുകളിൽ ന്യായമായ ഫീസ് ഏർപ്പെടുത്തണം എന്ന് പറയുമ്പോൾ പാവപ്പെട്ടവരെക്കുറിച്ചു പറയുകയും പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ മാനേജുമെന്റുകളോടൊപ്പം സർക്കാരിന് എന്തുചെയ്യാൻ സാധിക്കുമെന്ന് ചോദിക്കുമ്പോൾ ഒഴിഞ്ഞുമാറുകയും ചെയ്യുന്ന രാഷ്ട്രീയക്കാരുടെ വിദ്യാർത്ഥി സ്നേഹം കപടമാണ്. പാവപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്/ഫീസ് സൗജന്യം നൽകി പഠിപ്പിക്കുന്ന സ്വാശ്രയ കോളേജുകൾ കേരളത്തിലുണ്ട് എന്ന് സർക്കാരിനറിയാം. അപ്രകാരം നൽകുന്ന തുകയുടെ കണക്കും ലഭിക്കുന്നുമുണ്ട്. എന്തുകൊണ്ട് ഇത്തരം മാതൃകകൾ ആരും ചർച്ചയാക്കുന്നില്ല?

**വാൽകഷ്ണം:** അയൽ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ പൂർത്തിയായ സ്ഥിതിക്ക് കേരളത്തിലെ പ്രശ്നം തത്കാലം അവസാനിപ്പിക്കാൻ നേതാക്കൾ തയ്യാറായേക്കും. തുടർച്ചയായി പതിമൂന്നാം വർഷവും കുളംകലക്കി മീൻ പിടിക്കുന്നതിൽ അവർ ലക്ഷ്യം കണ്ടു എന്ന് കരുതിയാൽ കുറ്റം പറയാൻ പറ്റുമോ?

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
*ഫെയ്സ്ബുക്ക് പോസ്റ്റ്*

## കെസിബിസി പ്രസ്താവനകൾ

## ഗർഭച്ഛിദ്രം: കോടതിവിധി ആശങ്കാജനകം

**കൊച്ചി:** തടവറയിലെ ഒരു സ്ത്രീയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗർഭസ്ഥ ശിശുവിനെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ സ്ത്രീക്കില്ലായെങ്കിൽ ഗർഭധാരണത്തിന്റെ ഏതു ഘട്ടത്തിലും ഗർഭച്ഛിദ്രം നടത്താമെന്ന ബോംബെ ഹൈക്കോടതിവിധി ഏറെ നിർഭാഗ്യകരമെന്ന് കെസിബിസി പ്രോലൈഫ് സമിതി നിരീക്ഷിച്ചു. ഗർഭസ്ഥയായ യുവതിയുടെ നിസ്സഹായാവസ്ഥ നിലനിൽക്കുമ്പോഴും ഉദരത്തിലുള്ള കുഞ്ഞിന് ജനിക്കാനുള്ള അവകാശത്തെ നിഷേധിക്കരുത്. പ്രത്യേക സാഹചര്യം പരിഗണിച്ചാണ് ബോംബെ ഹൈക്കോടതിയുടെ ഈ വിധിയെങ്കിലും നിലവിലുള്ള കേന്ദ്ര നിയമങ്ങൾക്കും ധാർമ്മിക നിയമങ്ങൾക്കും ഇതു സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കും. ഇതൊരു പൊതു തത്വമായി പരിഗണിച്ചാൽ അത് രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിനും സമൂഹജീവിതക്രമത്തിനുതന്നെയും കടുത്ത ഭീഷണിയാകും. **(കെസിബിസി, പ്രൊ-ലൈഫ് സമിതി, ദീപിക, 23/9/2016)**

## നാടിന്റെ വളർച്ചയ്ക്ക് ഉതകുന്നതാകണം മദ്യനയം: കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ

**തിരുവനന്തപുരം:** നാടിന്റെ വളർച്ചയ്ക്ക് ഉതകുന്നതാകണം സർക്കാരിന്റെ പുതിയ മദ്യനയമെന്നു കെസിബിസി അധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ. പുതിയ മദ്യനയം രൂപീകരിക്കുമ്പോൾ മദ്യ വിരുദ്ധ മുന്നണി പോലെയുള്ള സംഘടനകളുമായി സർക്കാർ കൂടിയാലോചന നടത്തണം. ഈ സംഘടനകളുടെ ഉദ്ദേശ്യശുദ്ധി സർക്കാർ മനസിലാക്കണം. സംസ്ഥാനത്ത് മദ്യ ലഭ്യത കുറയ്ക്കാൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ടൂറിസത്തിന്റെ പേരിൽ കേരളത്തെ മദ്യത്തിൽ മുക്കരുതെന്നാവശ്യപ്പെട്ടു മദ്യ വിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുന്നിൽ സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു കർദിനാൾ. മദ്യ വിരുദ്ധ ജനകീയ മുന്നണി ചെയർമാൻ ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ. എൻ രാധാകൃഷ്ണൻ, ഇയച്ചേരി കുഞ്ഞികൃഷ്ണൻ, ഫാ. ജോൺ അരീക്കൽ, പ്രഫ. തോന്നയ്ക്കൽ ജമാൽ, ഡോ. യൂസഫ് മുഹമ്മദ് നദ് വി, ഫാ. വർഗീസ് മുഴുത്തേറ്റ്, രാജൻ കൊരമ്പേത്ത്, ഡോ. ഗോപാലകൃഷ്ണൻ നായർ, തിരുപുറം സോമശേഖരൻ നായർ എന്നിവരും പങ്കെടുത്തു. **(ദീപിക, 27/9/2016)**



(ടൂറിസത്തിന്റെ പേരിൽ കേരളത്തെ മദ്യത്തിൽ മുക്കരുതെന്നാവശ്യപ്പെട്ടു മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു മുന്നിൽ സംഘടിപ്പിച്ച ധർണ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജോൺ അരീക്കൽ, ബിഷപ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, പ്രഫ. തോന്നയ്ക്കൽ ജമാൽ, ഇയച്ചേരി കുഞ്ഞികൃഷ്ണൻ, എന്നിവർ സമീപം)

## കാർഷിക മേഖലയെ തകർക്കുന്ന കരാറുകളിൽനിന്നു കേന്ദ്രസർക്കാർ പിന്മാറണം

**കാഞ്ഞിരപ്പള്ളി:** ഗാട്ട്, ആസിയാൻ കരാറുകളുടെ ബാക്കിപത്രമായി ഇന്ത്യയുടെ കാർഷികമേഖല തകർന്നടിയുമ്പോൾ ആഗോളകമ്പോളമായി ഇന്ത്യയെ തുറന്നുകൊടുക്കാനുള്ള സംയോജിത സാമ്പത്തിക പങ്കാളിത്ത ഉടമ്പടിയായ ആർസിഇപി ഉൾപ്പെടെയുള്ള രാജ്യാന്തര കരാറുകളിൽനിന്നു കേന്ദ്രസർക്കാർ പിന്തിരിയണമെന്ന് ഇൻഫാം ദേശീയസമിതി ആവശ്യപ്പെട്ടു. വിവിധ രാജ്യങ്ങൾ വൻ സബ്സിഡി നൽകി കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉത്പാദനച്ചെലവിന് ആനുപാതികമായി ഉത്പന്നങ്ങൾക്കു വില ഉറപ്പാക്കുകയും ചെയ്യുമ്പോൾ ഇന്ത്യയിൽ ഭരണം നടത്തിയ

സർക്കാരുകൾ കർഷകനെ പാടേ അവഗണിക്കുകയാണ്. കർഷകർക്കുള്ള വിത്തും വളവും വൻതോതിൽ വെട്ടിക്കുറച്ചതും വളം, വൈദ്യുതി തുടങ്ങിയവയ്ക്ക് ഉണ്ടായിരുന്ന സബ്സിഡികൾ പിൻവലിച്ചതും കാർഷികരംഗത്ത് വൻ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെയും സമൂഹത്തെയും രക്ഷിക്കാൻ കർഷക ഓപ്പൺ മാർക്കറ്റുകൾ വ്യാപകമാക്കുവാനും ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാനും കർമപദ്ധതികൾ ദേശീയ സമിതി ആവിഷ്കരിച്ചു.

കർഷകരാണ് യഥാർഥ പരിസ്ഥിതി സംരക്ഷകരെന്നിരിക്കെ, പശ്ചിമഘട്ടമേഖലകളിൽനിന്നു കർഷകനെ കുടിയിറക്കി കടുവാ ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ അന്തർദേശീയ സാമ്പത്തിക ഏജൻസികളുടെ സഹായംപറ്റി ചില കേന്ദ്രങ്ങൾ നടത്തുന്ന ഗൂഢശ്രമങ്ങൾക്കെതിരേ വിവിധ കർഷകസംഘടനകളുടെ ഐക്യവേദിയായ ദി പീപ്പിളിനോടു ചേർന്ന് വിവിധ കേന്ദ്രങ്ങളിൽ കർഷക അവകാശ സമ്മേളനങ്ങൾ സംഘടിപ്പിക്കുമെന്നും ഇൻഫാം അറിയിച്ചു. ... **(കെസിബിസി, ഇൻഫാം, ദീപിക, 24/9/2016)**

## ഇടതുസർക്കാർ മദ്യനയം വ്യക്തമാക്കണം: ഐക്യജാഗ്രതാസമിതി

**കൊച്ചി:** നടപ്പു നിയമസഭാസമ്മേളനത്തിൽ ഇടതുസർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണമെന്ന് കെസിബിസി ജാഗ്രതാസമിതിയുടെ പ്രതിവാര അവലോകന യോഗം ആവശ്യപ്പെട്ടു. മദ്യവർജനം എന്ന ഒറ്റ വാക്കിലൊതുങ്ങുന്നതാണ് തങ്ങളുടെ മദ്യനയമെന്ന ഇടതുപക്ഷ സമീപനം, ഇക്കാര്യത്തിൽ സർക്കാരിനുള്ള അവ്യക്തതയോ ഇരട്ടത്താപ്പോ ആണ് വെളിപ്പെടുത്തുന്നത്. കൃത്യമായ പരിപാടികളിലൂടെയും നടപടിക്രമങ്ങളിലൂടെയും നിയമപരമായ നിയന്ത്രണ സംവിധാനങ്ങളിലൂടെയും പ്രായോഗികമാക്കാൻ കഴിയുന്നതാകണം സർക്കാർ സ്വീകരിക്കുന്ന മദ്യനയം. അത് ജനങ്ങൾക്കു മനസ്സിലാകുന്ന രീതിയിൽ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും സർക്കാരിനു കഴിയണം. മദ്യ ഉപഭോഗവും ലഭ്യതയും കുറച്ചു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയുള്ള ഫലപ്രദമായ നിയന്ത്രണം കൊണ്ടുവരുന്നതാവണം സർക്കാർ രൂപം നല്കുന്ന മദ്യനയം. മദ്യത്തിനെതിരെ ബോധവത്ക്കരണം നടത്തുന്ന സർക്കാർ മദ്യഉപഭോഗം പ്രോത്സാഹിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുന്നത് മദ്യവർജനം എന്ന ഇടതുനയത്തെ പരിഹാസ്യമാക്കും. പൊതുനിരത്തുകളിലെ ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾക്കു മുമ്പിൽ മനുഷ്യർ മൃഗസമാനം വെയിലത്തു നില്ക്കുന്ന പരിഹാസ്യമായ കാഴ്ചയും ഇല്ലാതാക്കാൻ നടപടിയുണ്ടാകണം. പത്തുശതമാനം ഔട്ട്ലെറ്റുകൾ പൂട്ടുന്നതിനുപരി ഇതിന് അടിയന്തിര പരിഹാരം കണ്ടെത്തേണ്ടതാണ്.

വ്യക്തമായ നയം ഇല്ലാതെ ഉദ്യോഗസ്ഥമാരുടെയും രാഷ്ട്രീയ നേതാക്കളുടെയും താത്പര്യത്തിനനുസരിച്ച് വ്യാഖ്യാനങ്ങളും നിലപാടുകളുമാകാമെന്ന നയം മദ്യലോബിയുടെ സമ്മർദങ്ങളെ അതിജീവിക്കുകയില്ല. നാടിനെ മദ്യവിപത്തിലേക്കും മയക്കുമരുന്നിന്റെ പിടിയിലേക്കും നയിക്കുന്ന സാഹചര്യങ്ങളെ ശക്തമായി നേരിടാൻ കഴിയുന്ന വ്യക്തമായ നയമാണ് ഇക്കാര്യത്തിലുണ്ടാകേണ്ടത്. സാമ്പത്തികലാഭത്തിൽ മാത്രം കണ്ണുവച്ചുള്ള നയരൂപീകരണം ഇക്കാര്യത്തിൽ സർക്കാരിനുള്ള ആത്മാർത്ഥതയില്ലായ്മയായി വ്യാഖ്യാനിക്കപ്പെടും. മുൻസർക്കാരിന്റെ മദ്യനയത്തിലെ നന്മകൾ ഉൾക്കൊള്ളാനും കൂടുതൽ ഫലപ്രദമായ മദ്യ-മയക്കുമരുന്ന് നിയന്ത്രണം ഏർപ്പെടുത്താനും കഴിയുന്നതാകണം പുതിയ സർക്കാർ രൂപം നല്കുന്ന മദ്യനയം. പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതുവരെ നിലവിലുള്ള നയപരിപാടികൾ തുടരാൻ സർക്കാർ ബാധ്യസ്ഥമാണ്. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ജയിച്ചു എന്നത് മുൻസർക്കാരിന്റെ മദ്യനയത്തോടുള്ള സമൂഹത്തിന്റെ പ്രതികരണമായി ചിത്രീകരിക്കുന്നത് ശരിയായിരിക്കുകയില്ല. മദ്യനയത്തിന്റെ നന്മകളെ മൂടിക്കളയുന്ന ആരോപണകൊടുങ്കാറ്റുകളാണ് കോൺഗ്രസ് സർക്കാരിനെ നിലംപതിപ്പിച്ചത്. മദ്യനയം ഫലപ്രദമാകുന്നത് മദ്യത്തിന്റെ ഉപഭോഗവും ലഭ്യതയും നിയന്ത്രണവിധേയമാകുമ്പോഴാണ്. കേരളത്തിൽ വർധിച്ചുവരുന്ന മദ്യ-മയക്കുമരുന്ന് ഉപയോഗവും യുവജനങ്ങളിലേക്കും സ്ത്രീകളിലേക്കും കുട്ടികളിലേക്കും പോലും വ്യാപിക്കുന്ന വർധിച്ച മദ്യാസക്തിയുമാണ് കാര്യക്ഷമമായ മദ്യനയം അനിവാര്യമാക്കുന്നത്. ഇക്കാര്യത്തിൽ സമൂഹത്തെ അതിന്റെ വഴിക്കുവിടുക എന്ന സമീപനം ഉത്തരവാദിത്വമുള്ള ഭരണനേതൃത്വത്തിനു ചേർന്നതല്ല. **(കെസിബിസി, ഐക്യജാഗ്രതാസമിതി, ദീപിക, 28/9/2016)**

## സ്വാശ്രയപ്രവേശനം: മെറിറ്റ്-മാനേജ്മെന്റ് വിഭജനം അശാസ്ത്രീയം: ഐക്യജാഗ്രതാസമിതി

**കൊച്ചി:** സ്വാശ്രയ പ്രവേശനത്തിൽ നിലവിലുള്ള മെറിറ്റ്-മാനേജ്മെന്റ് വിഭജനം യുക്തിരഹിതമാണെന്നും, നൂറുശതമാനം സീറ്റിലും മെറിറ്റുമാത്രം മാനദണ്ഡമാക്കുകയും മുഴുവൻ സീറ്റിലും ഒരുപോലെ ഫീസ് നിർണയിക്കുകയും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ഫീസിളവ്) നല്കാനുള്ള സംവിധാനം സർക്കാരും സ്വാശ്രയമാനേജുമെന്റുകളും സംയുക്തമായി ഒരുക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സ്വാശ്രയരംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാവുകയുള്ളൂവെന്ന് കെസിബിസി ജാഗ്രതാസമിതിയുടെ പിഒസിയിൽ ചേർന്ന യോഗം വിലയിരുത്തി.

അമ്പതുശതമാനം മെറിറ്റ്സീറ്റും അമ്പതുശതമാനം മാനേജുമെന്റ് സീറ്റുമെന്ന ക്രോസ് സബ്സിഡി സംവിധാനം നിയമവിരുദ്ധവും അഴിമതിക്ക് വഴിതെളിക്കുന്നതുമാണ്. അമ്പതുശതമാനം മാനേജ്മെന്റ്സീറ്റിൽ മാനേജുമെന്റിന്റെ യുക്തിയനുസരിച്ച് മെറിറ്റില്ലാത്തവർക്കും പ്രവേശനം നല്കാമെന്ന തെറ്റായ ധാരണ സൃഷ്ടിക്കാൻ ഇതിടയാക്കും. അമ്പതുശതമാനം മെറിറ്റ് സീറ്റിൽ സർക്കാർ കോളേജിലേതിനു തുല്യമായ ഫീസ് മാത്രം ഈടാക്കണമെന്ന് കരാറുണ്ടാക്കിയതിൽ സർക്കാർ അഭിമാനംകൊള്ളുമ്പോൾ, മാനേജ്മെന്റ് സീറ്റിൽ ഫീസിനൊപ്പം തലവരിപ്പണവുമാകുന്നതിൽ കുഴപ്പമില്ലെന്ന ധാരണയും ഇതുണ്ടാക്കുന്നു. ഇത് അഴിമതിക്കുള്ള അന്തരീക്ഷം സൃഷ്ടിക്കും. മെറിറ്റ് സീറ്റെന്ന് സർക്കാർ വിളിക്കുന്ന അമ്പതുശതമാനം സീറ്റിൽ ഫീസിളവ് നല്കിയാൽ അത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കു തന്നെയാണ് ലഭിക്കുന്ന

തെന്ന് നാളിതുവരെയുള്ള അനുഭവത്തിന്റെയോ കണക്കുകളുടെയോ വെളിച്ചത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ടോ? അമ്പതുശതമാനം മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളാണ് എംബിബിഎസ് അവസാനവർഷ പരീക്ഷയിൽ മുന്തിയ വിജയം നേടുന്നതെന്നതിന് സർക്കാരിന്റെ പക്കൽ എന്തു തെളിവാണുള്ളത്? നേരേമറിച്ചുള്ള അനുഭവങ്ങൾ നിരവധിയാണ്. നൂറുശതമാനം മെഡിക്കൽ സീറ്റുകളിലും മെറിറ്റുമാത്രം മാനദണ്ഡമാക്കുകയും എസ്.സി/എസ്.റ്റി, കമ്മ്യൂണിറ്റി മെറിറ്റ്, എൻ.ആർ.ഐ ക്വാട്ട ഉൾപ്പെടെയുള്ള സീറ്റുകളിൽ പൊതുപ്രവേശന പരീക്ഷയിൽ നിന്ന് ഇന്റർ സേ മെറിറ്റ് അടിസ്ഥാനത്തിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ മാത്രം പ്രവേശനം നല്കുകയും ചെയ്യുക എന്നതാണ് പ്രശ്ന പരിഹാരത്തിനുള്ള മാർഗം.

അഖിലേന്ത്യാതലത്തിൽ നിശ്ചയിക്കുന്ന മെറിറ്റാണ് പ്രവേശന മാനദണ്ഡമെങ്കിൽ, അഖിലേന്ത്യാതലത്തിൽ വിദഗ്ധസമിതികൾ നടത്തിയിട്ടുള്ള ശാസ്ത്രീയ പഠനങ്ങളാകണം ഫീസ് നിർണയത്തിന്റെ മാനദണ്ഡം. സംസ്ഥാനത്ത് ഇക്കാര്യം പഠിച്ച് നിർദേശം സമർപ്പിക്കുന്നതിനായി ഒരു സ്വതന്ത്ര വിദഗ്ധസമിതിയെ നിയോഗിക്കാവുന്നതാണ്. ജെയിംസ് കമ്മിറ്റിക്ക് ഈ നിർദേശങ്ങൾ വിലയിരുത്താവുന്നതുമാണ്. ഇങ്ങനെയുള്ള യുക്തിസഹമായ യാതൊരു മാനദണ്ഡവും പാലിക്കാതെ ഓരോ സർക്കാരും പാർട്ടിയും സ്വാശ്രയസ്ഥാപനങ്ങളുടെമേൽ സമ്മർദതന്ത്രങ്ങളിലൂടെയുണ്ടാക്കുന്ന ധാരണകളും കരാറുകളും അഴിമതിയും സ്വാർത്ഥതയും കെടുകാര്യസ്ഥതയും മാത്രമേ ഊട്ടിയുറപ്പിക്കുകയുള്ളൂ. പ്രശ്ന പരിഹാരത്തിന് വിദ്യാർഥികളുടെയും സമൂഹത്തിന്റെയും പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ ബന്ധപ്പെട്ട എല്ലാവരും തയ്യാറാകണം. **(കെസിബിസി, ഐക്യജാഗ്രതാസമിതി, ദീപിക, 29/9/2016)**

# വാർത്തകൾ

## സ്വർഗത്തിൽ പോകാനാഗ്രഹിക്കുന്നവർ ചേരികളിലേക്കും, ദരിദ്രരിലേക്കും, രോഗികളിലേക്കും, ഇറങ്ങിച്ചെല്ലണം: ബ്രദർ മാവൂരൂസ്

**കൊച്ചി:** സ്വർഗം ലക്ഷ്യമാക്കി ജീവിക്കുന്നവർ ചേരികളിലേക്കും, ദരിദ്രരിലേക്കും നിരാലംബരായ രോഗികളുടെയിടയിലേക്കും ഇറങ്ങിച്ചെല്ലണമെന്ന് ബ്രദർ മാവൂരൂസ്. സന്ന്യാസ അർത്ഥിനികൾക്കുവേണ്ടി പിഒസി ഒരുക്കിയ ത്രിദിന കാരുണ്യദർശന പഠനശിബിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചുറ്റുമുള്ള ലോകത്തെ കാരുണ്യപൂർവം നോക്കിക്കാണണമെന്നും യേശുവിനുവേണ്ടി മരിക്കാനുള്ള ദാഹത്തോടെ സന്ന്യാസം സ്വീകരിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. **(കെസിബിസി, ദീപിക, 23/9/2016)**

## വ്യത്യസ്ത മതക്കാരുടെ വിവാഹത്തിന് സമുദായ സംഘടന നൽകുന്ന സർട്ടിഫിക്കറ്റിന് സാധുതയില്ല: ഹൈക്കോടതി

**കൊച്ചി:** വ്യത്യസ്ത മതവിഭാഗങ്ങളിൽപെട്ടവർ തമ്മിലുള്ള വിവാഹം സമുദായ സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യരുതെന്ന് ഹൈക്കോടതി. വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ചു സർക്കാർ തദ്ദേശ സ്ഥാപനാധികാരികൾക്കു മാർഗനിർദേശം നൽകണം. മതപരമോ ആചാരപരമോ ആയ വിവാഹം നടത്തിയെന്ന അവകാശവാദം നിയമദൃഷ്ടിയിൽ നിലനിൽക്കുന്നതാണോ എന്നു തദ്ദേശ സ്ഥാപന അധികാരികൾ വിലയിരുത്തണം.

വിവാഹം മതപരമോ ആചാരപരമോ ആയി നടന്നിട്ടില്ലെങ്കിൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യണം. വ്യത്യസ്ത മതങ്ങളിൽപെട്ടവരുടെ വിവാഹ രജിസ്ട്രേഷനു സ്പെഷൽ മാര്യേജ് നിയമമാണു ബാധകം. ആചാരപരമായ വിവാഹം നിയമപരമാകണമെങ്കിൽ ഇരുകൂട്ടരും ഒരു മതത്തിൽപെട്ടവരും മതചടങ്ങുകളിൽ വിവാഹിതരാകാൻ അർഹതയുള്ളവരുമാകണം. മതാചാരപ്രകാരം അനുവദനീയ സ്ഥലങ്ങളിൽ വിവാഹം നടക്കണം. ആചാരപ്രകാരമുള്ള വിവാഹങ്ങൾക്ക് മതാധികാരിയുടെ സർട്ടിഫിക്കറ്റ് സ്വീകരിക്കാം. എന്നാൽ വ്യത്യസ്ത മതങ്ങളിൽപെട്ടവരുടെ വിവാഹം നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്ന് എസ്എൻഡിപി യോഗം, ശിവഗിരിമഠം, സമാന സംഘടനകൾ എന്നിവയെ നിയന്ത്രിച്ച് സർക്കാർ ഉത്തരവിറക്കണമെന്നും കോടതി നിർദേശിച്ചു. ... **(മലയാള മനോരമ, 3/9/2016)**

## ആരാധനാലയങ്ങൾക്ക് കൊടുക്കുന്നതിൽ ഒരുവിഹിതം വിദ്യാലയങ്ങൾക്ക് നൽകണം

### മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം:** ആരാധനാലയങ്ങൾക്ക് നൽകുന്ന സംഭാവനയിൽ ഒരുവിഹിതം പൊതുവിദ്യാലയങ്ങൾക്ക് നൽകിയാൽ വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ സൃഷ്ടിക്കാനാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അട്ടക്കുളങ്ങര സെൻട്രൽ ഹൈസ്കൂളിൽ സംഘടിപ്പിച്ച ദേശീയ അധ്യാപകദിനാഘോഷപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പലരും ആരാധനാലയങ്ങൾക്ക് സംഭാവന നൽകാൻ മത്സരിക്കാറുണ്ട്. എന്നാൽ, പഠിച്ച വിദ്യാലയത്തിനോട് പുറംതിരിഞ്ഞുനിൽക്കും. ഈ അവസ്ഥ മാറേണ്ടതുണ്ട്. അങ്ങനെ സംഭവിച്ചാൽ സാമൂഹിക പുരോഗതിക്കുതകുന്ന തരത്തിൽ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാൻ സാധിക്കുമെന്നു മുഖ്യമന്ത്രി പറഞ്ഞു. സാമൂഹികപ്രതിബദ്ധതയുള്ള ജോലിയായി അധ്യാപകവൃത്തിയെ കാണേണ്ടതുണ്ട്. സമൂഹത്തിന്റെ വിവിധ തട്ടുകളിൽ നിന്നുള്ള വിദ്യാർഥികളാണ് സ്കൂളുകളിൽ എത്തുന്നത്. അവരിൽ ചിലർക്ക് അധ്യാപകരുടെ പ്രത്യേകശ്രദ്ധ വേണ്ടതായി വരും. സാമൂഹികപ്രതിബദ്ധതയുള്ള അധ്യാപകർക്കു മാത്രമേ കുട്ടികളുടെ ആവശ്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനാകൂ. ... **(മാധ്യമം, 6/9/2016)**

## സർക്കാരിനെ വിമർശിക്കുന്നത് രാജ്യദ്രോഹമല്ല: സുപ്രീം കോടതി

**ന്യൂഡൽഹി:** സർക്കാരിനെ വിമർശിക്കുന്നതു രാജ്യദ്രോഹമോ അപകീർത്തിപരമോ ആകില്ലെന്ന് സുപ്രീം കോടതി. രാജ്യദ്രോഹ നിയമം വിവേചനമില്ലാതെ ഉപയോഗിക്കുന്നതിനെ ശക്തമായി വിമർശിച്ചുകൊണ്ടാണു സുപ്രീം കോടതിയുടെ നിരീക്ഷണം. ആരെങ്കിലും സർക്കാരിനെ വിമർശിക്കുന്ന പ്രസ്താവന പുറപ്പെടുവിച്ചാൽ അതു രാജ്യദ്രോഹത്തിന്റെ പട്ടികയിൽ വരില്ല. രാജ്യദ്രോഹത്തിനു കേസെടുക്കാനുള്ള ഇന്ത്യൻ നീതിന്യായ നിയമത്തിലെ 124(എ)പ്രയോഗിക്കുന്നതിനു മുൻപു സുപ്രീം കോടതി നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ് – ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ് യു.യു. ലളിത് എന്നിവരടങ്ങിയ ബെഞ്ച് നിർദേശിച്ചു. ... **(മലയാള മനോരമ, 6/9/2016)**

## കേന്ദ്ര സർക്കാരിന് രാഷ്ട്രപതിയുടെ മുന്നറിയിപ്പ്

പാർലമെന്റിൽ പാസാക്കാൻ കഴിയാതിരുന്ന നിയമഭേദഗതി മന്ത്രിസഭയുടെ അംഗീകാരം പോലും നേടാതെ ഓർഡിനൻസിനായി സമർപ്പിച്ച കേന്ദ്രസർക്കാരിന്റെ നടപടിയിൽ കടുത്ത അതൃപ്തി അറിയിച്ച് രാഷ്ട്രപതി പ്രണബ് മുഖർജി. പൊതുജന നന്മയ്ക്കുവേണ്ടി താൻ ഈ ഓർഡിനൻസിൽ ഒപ്പിടുകയാണെന്നും എന്നാൽ മന്ത്രിസഭയെ മറികടന്ന് ഇനിയിത് ആവർത്തിക്കരുതെന്നും രാഷ്ട്രപതി കേന്ദ്രസർക്കാരിനു മുന്നറിയിപ്പു നൽകിയതായി ഔദ്യോഗിക വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. .... **(മംഗളം, 7/9/2016)**

## എക്യുമെനിസവും സഹിഷ്ണുതയും കാലഘട്ടത്തിനാവശ്യം: ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം

**കൊട്ടാരക്കര:** വിശാല എക്യുമെനിസവും സഹിഷ്ണുതയും കാലഘട്ടത്തിനാവശ്യമാണെന്നു ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത. യൂണൈറ്റഡ് റിലീജിയസ് ഇനിഷ്യേറ്റീവ് (യുആർഐ) രാജ്യാന്തരസമ്മേളനവും ഒരാഴ്ച നീണ്ടുനില്ക്കുന്ന പഠനശിബിരവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജാതിമതഭേദമെന്യേ ഏവരേയും സഹോദരങ്ങളായി കാണാൻ കഴിയണം. നീതിബോധമുള്ള കാലഘട്ടത്തിന്റെ പവിത്രമായ സ്മരണയാണ് ഓണം. സൗഹൃദവും സാഹോദര്യവും നിലനിർത്തിപ്പോകാൻ നമ്മൾ ബാധ്യസ്ഥരായിരിക്കണമെന്നും മെത്രാപ്പൊലീത്ത പറഞ്ഞു. ... **(മംഗളം, 17/9/2016)**

## ഗോവിന്ദച്ചാമിയെ നേരിട്ടു കണ്ടിട്ടില്ലെന്നും പരിചയപ്പെട്ടിട്ടില്ലെന്നും ആകാശപ്പറവകളുടെ കൂട്ടുകാർ

**തൃശൂർ:** സൗമ്യ വധക്കേസിലെ പ്രതിയായ ഗോവിന്ദച്ചാമിയെ പത്രങ്ങളിൽ വന്ന ഫോട്ടോകളിലൂടെയല്ലാതെ കണ്ടിട്ടില്ലെന്നു 'ആകാശപ്പറവകളുടെ കൂട്ടുകാർ' എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോർജ് കുറ്റിക്കൽ പറഞ്ഞു. തങ്ങളുടെ ഒരു ശുശ്രൂഷാ കേന്ദ്രത്തിൽ ഒരിക്കൽപോലും ഗോവിന്ദച്ചാമി കടന്നുവന്നിട്ടില്ല. ഗോവിന്ദച്ചാമിക്കുവേണ്ടി വാദിച്ച ആരോപണവിധേയനായ വക്കീലിന്റെ പേരും പത്രങ്ങളിലൂടെ വായിച്ചറിഞ്ഞതല്ലാതെ പരിചയമില്ല. സൗമ്യയുടെ കുടുംബത്തിന് നീതിയും സ്നേഹവും കാരുണ്യവും ലഭിക്കണമെന്നല്ലാതെ മറ്റൊരു നിലപാടും തങ്ങൾക്കില്ലെന്നും ഫാ. ജോർജ് കുറ്റിക്കൽ കൂട്ടിച്ചേർത്തു. ചില മാധ്യമങ്ങൾ കെട്ടിച്ചമച്ച് ആരോപിക്കുന്നതുപോലെ കോയമ്പത്തൂരോ കുന്നംകുളത്തോ മുംബൈയിലോ തങ്ങൾക്ക് ശുശ്രൂഷാകേന്ദ്രമോ യൂണിറ്റോ ഇല്ല. ഒരു വിദേശ ഏജൻസിയുടെയും സഹായവും ലഭിച്ചിട്ടില്ല. **(ദീപിക, 18/9/2016)**

## ഭീകരതയ്ക്കെതിരെ സമഗ്ര നടപടി വേണം: ചേരിചേരാ ഉച്ചകോടി

**വെനസ്വേല:** ഭീകരവാദത്തിനെതിരെ സമഗ്ര നടപടികൾ വേണമെന്ന് ചേരിചേരാ രാഷ്ട്രങ്ങളുടെ 17-ാമത് ഉച്ചകോടിയിൽ അവതരിപ്പിച്ച കരട് പ്രമേയം. നിയമ വിരുദ്ധമായ ആയുധ കൈമാറ്റങ്ങളും സാമ്പത്തിക സഹായങ്ങളും അവസാനിപ്പിക്കാൻ സമഗ്രവും യോജിപ്പോടെയുംമുള്ള പോരാട്ടം അനിവാര്യമാണെന്ന് പ്രമേയത്തിൽ ഊന്നലുണ്ട്. ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും ഭീകരവാദം ഗുരുതരമായ ഭീഷണി ഉയർത്തുകയാണെന്ന് പ്രമേയത്തിൽ പറയുന്നു. ഉച്ചകോടിയിൽ പങ്കെടുത്ത 120 രാജ്യങ്ങളും ഭീകരവാദത്തെ ശക്തമായ ഭാഷയിലാണ് അപലപിച്ചത്. എന്തിന്റെ പേരിലായാലും എവിടെയായാലും ആരുടെ നേതൃത്വത്തിലായാലും ഭീകരവാദം ചെറുക്കപ്പെടേണ്ടതാണെന്ന് എല്ലാ രാജ്യങ്ങളും ഒരേ സ്വരത്തിലാണ് അഭിപ്രായപ്പെട്ടതു. .. **(ജനയുഗം, 19/9/2016)**

## കൊലപാതകമടക്കം കുട്ടികൾക്കെതിരേയുള്ള കേസുകളിൽ നാലിരട്ടി വർധന

**കൊണ്ടോട്ടി:** കുട്ടികൾക്കെതിരെ കൊലപാതകമടക്കമുള്ള കേസുകളിൽ നാലിരട്ടി വർധനയുള്ളതായി കേരള പൊലീസ് ക്രൈംഡിറ്റാച്ച്മെന്റിന്റെ പുതിയ കണക്ക്. കുട്ടികളുടെ സുരക്ഷയ്ക്കായി ഒട്ടേറെ നിയമങ്ങളുണ്ടെങ്കിലും അതൊന്നും കുഞ്ഞുങ്ങൾക്ക് തുണയാകുന്നില്ലെന്നും പ്രതികൾക്ക് പാഠമാകുന്നില്ലെന്നതിന്റെയും സൂചനകൂടിയാണീ കണക്കുകൾ. 2010–ൽ 596 കേസുകൾ മാത്രം റിപ്പോർട്ട് ചെയ്തപ്പോൾ 2015ലത് 2373 കേസുകളായി വളർന്നു. ഈ വർഷം ജൂലൈ വരെ മാത്രം 1570 കേസുകൾ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്തു. 2010ന് ശേഷമാണ് കുട്ടികൾക്കെതിരെയുള്ള ക്രൂരത വർധിച്ചുവരുന്നതായി കാണുന്നത്. 2008, 2009 വർഷത്തിൽ 549,589 കേസുകൾ മാത്രമായിരുന്നു. ... **(സുപ്രഭാതം, 19/9/2016)**

## അഭയാർഥികൾക്കൊപ്പം മാർപാപ്പയുടെ സമാധാന പ്രാർഥന

**അസീസി:** വിശുദ്ധ ഫ്രാൻസിസിന്റെ ജന്മനഗരമായ ഇവിടെ നടത്തിയ സമാധാന പ്രാർഥനയിൽ മാർപ്പാപ്പയ്ക്കൊപ്പം വിവിധ മതനേതാക്കളും അഭയാർഥികളും പങ്കെടുത്തു. ഹിന്ദു, മുസ്ലിം, ജൂത, ക്രിസ്ത്യൻ നേതാക്കളും 12 അഭയാർഥി പ്രതിനിധികളും ചടങ്ങു ധന്യമാക്കി. ഫ്രാൻസിസ്കൻ കോൺവെന്റിൽ ഇവർക്കൊപ്പം ഫ്രാൻസിസ് മാർപാപ്പ ഭക്ഷണം കഴിച്ചു. പ്രധാന ചത്വരത്തിൽ സമാപന ചടങ്ങിൽ യുദ്ധരക്തസാക്ഷികളുടെ സ്മരണയ്ക്കായി മൗനാചരണം നടത്തി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1986ൽ തുടക്കമിട്ട സർവമത പ്രാർഥനയ്ക്ക് ഇത്തവണ എത്തിയവരിൽ കാന്റർബറി ആർച്ച്ബിഷപ് ജസ്റ്റിൻ വെൽബിയും കോൺസ്റ്റാന്റിനോപ്പിൾ (ഇസ്തംബുൾ) ഓർത്തഡോക്സ് പാത്രിയർക്കീസ് ബർത്തലോമി ഒന്നാമനും ഉണ്ടായിരുന്നു. മൂന്നു പേരും പ്രസംഗിച്ചു. നൈജീരിയ, എറിട്രിയ, മാലി, സിറിയയിലെ അലപ്പോ എന്നിവിടങ്ങളിൽ നിന്നെത്തിയവരായിരുന്നു അഭയാർഥി പ്രതിനിധികൾ. ലോകം യുദ്ധത്തിലും സഹനത്തിലുമാണെന്നു പറഞ്ഞ ഫ്രാൻസിസ് മാർപാപ്പ ദൈവത്തിന്റെ പേരിൽ നടക്കുന്ന യുദ്ധങ്ങളെ അപലപിച്ചു. **(ദീപിക, 21/9/2016)**

## സർക്കാർ പറഞ്ഞതൊക്കെ വിഴുങ്ങരുത്

### ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**തിരുവല്ല:** ഭീകരതയെ പ്രോത്സാഹിപ്പിക്കാൻ മതത്തെ കൂട്ടുപിടിക്കുന്നവർ സ്വന്തം മതത്തെ സമൂഹമധ്യത്തിൽ അപകീർത്തിപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് മാർത്തോമ്മാസഭാ പരമാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ. മലങ്കര മാർത്തോമ്മാ സുറിയാനി സഭാപ്രതിനിധിമണ്ഡലത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

ഒരു മതവും ഭീകരതയെ വളമിട്ടുവളർത്തുന്ന ഒരു ചിന്തയും നൽകുന്നില്ല. അർത്ഥം മനസ്സിലാക്കാതെസന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റിയും മതചിന്തകളെ ദുർവ്യാഖ്യാനം ചെയ്യുന്നവരാണ് ഭീകരതയുടെ കുഴലൂത്തുകാരായി മാറുന്നത്. ജനങ്ങൾ അർപ്പിച്ചിരിക്കുന്ന പ്രതീക്ഷകൾ സഫലമാക്കാനായിരിക്കണം സംസ്ഥാനത്ത് പുതിയതായി അധികാരത്തിലെത്തിയ സർക്കാരിന്റെ പരിശ്രമങ്ങൾ. ആദർശം വെടിഞ്ഞും പറഞ്ഞതെല്ലാം വിഴുങ്ങിയും ഒത്തുതീർപ്പ് എന്ന ഏച്ചുകെട്ടലിന് വഴങ്ങുന്നത് ജനാധിപത്യസംവിധാനത്തിന് ഒട്ടും ഭൂഷണമല്ല. ഒത്തുതീർപ്പുകളുടെ ഏച്ചുകെട്ടലല്ല, മൂല്യാധിഷ്ഠിതവും ആദർശസുരഭിലവുമായ അനുരഞ്ജനമാകണം ജനാധിപത്യത്തിന്റെ അടിത്തറ.

മൃഗസ്നേഹത്തിന്റെ പേരു പറഞ്ഞു തെരുവുനായ്ക്കളെ യഥേഷ്ടം വിഹരിക്കാൻ അനുവദിക്കുമ്പോൾ മനുഷ്യന്റെ സ്വൈരജീവിതം അപകടത്തിലാവുകയാണ്. ഈ യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കുന്നത് ഒരു ഭരണകൂടത്തിനും ഭൂഷണമല്ല. തെരുവുനായ്ക്കളെ പിടിച്ച് അവയ്ക്ക് ഭക്ഷണം നൽകി സംരക്ഷിക്കാനുള്ള സുരക്ഷിതകേന്ദ്രങ്ങൾ രൂപപ്പെടുത്തിയാൽ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കാൻ കഴിയും. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കൂട്ടായി ആലോചിച്ച് ഉചിതമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കണം. കേരളത്തെ മദ്യവിമുക്തമാക്കാനുള്ള ഉദ്യമത്തിന് തടസ്സം നിൽക്കുന്ന പ്രതികരണങ്ങൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും അവ കുടുംബങ്ങളിലെ സമാധാനാന്തരീക്ഷത്തിനും നാടിന്റെ പുരോഗതിക്കും ഭീഷണിയാണ്. ടൂറിസത്തിന്റെ മറവിൽ നാടിനെ മദ്യശാലയാക്കിമാറ്റാനുള്ള ശ്രമങ്ങൾ അപലപനീയമാണെന്നും മെത്രാപ്പോലീത്താ പറഞ്ഞു. ... **(ജന്മഭൂമി, 16/9/2016)**

## ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്ന് എസ്.എസ്.എൽ.സി/ പ്ലസ് ടു/വിഎച്ച്എസ്ഇ/ ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

ബിപിഎൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽ ആറു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരെയും പരിഗണിക്കും. കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലിം, ക്രിസ്ത്യൻ, മതവിഭാഗത്തിൽപ്പെട്ട വിദ്യാർഥികളിൽ നിന്നും 2015-16 അധ്യയന വർഷത്തിൽ ഉന്നത വിജയം നേടിയവർക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മുസ്ലിംകൾക്കും മറ്റു ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ടവർക്കും 80:20 എന്ന അനുപാതത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

പത്ത്, പ്ലസ് ടൂ, വിഎച്ച്എസ്ഇ വിദ്യാർഥികൾക്ക് 10,000 രൂപയും, ബിരുദം, ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്കു 15,000 രൂപയും എന്ന നിരക്കിലാണ് സ്കോളർഷിപ്പ്. എസ്എസ്എൽസി/പ്ലസ് ടൂ/വിഎച്ച്എസ്ഇയിൽ എല്ലാ വിഷയങ്ങൾക്കും എ+ഗ്രേഡ്/90 ശതമാനം മാർക്ക്, ബിരുദത്തിന് 80 ശതമാനം മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75 ശതമാനം മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. ... **(ദീപിക, 24/9/2016)**

## അപവാദങ്ങൾ പ്രചരിപ്പിക്കുന്ന മാധ്യമ പ്രവർത്തനം ഭീകരവാദം: ഫ്രാൻസിസ് മാർപാപ്പ

**വത്തിക്കാൻ സിറ്റി:** അപവാദങ്ങളും നുണയും പ്രചരിപ്പിക്കുന്ന മാധ്യമ പ്രവർത്തനവും ഭീകരവാദമെന്നു ഫ്രാൻസിസ് മാർപാപ്പ. ഇറ്റലിയിൽ നിന്നുള്ള മുതിർന്ന മാധ്യമ പ്രവർത്തകരുടെ സംഘത്തോട് സംസാരിക്കവെയാണ് ഇക്കാര്യം മാർപാപ്പ വ്യക്തമാക്കിയത്. മധ്യപൂർവ ദേശത്തെ കുടിയേറ്റങ്ങൾ സംബന്ധിച്ച വാർത്തകൾ ചൂണ്ടിക്കാട്ടിയായിരുന്നു മാർപാപ്പയുടെ വിമർശനം. വാക്കുകൾ കൊണ്ടു മറ്റുള്ളവരെ ദ്രോഹിക്കുന്നതും ഭീകരതയാണ്. സത്യം തേടിപ്പോകുകയാണ് നിങ്ങൾ ചെയ്യേണ്ടത്. നിങ്ങളുടെ വാക്കുകൾക്ക് ആയുധങ്ങളുടെ മൂർച്ചയുണ്ട്. തീവ്രവാദമുൾപ്പെടെയുള്ള കാര്യങ്ങളിൽ കാണിക്കുന്ന അമിതാവേശത്തിൽ നിന്നു പിന്മാറണം- മാർപാപ്പ കൂട്ടിച്ചേർത്തു. ... **(ചന്ദ്രിക, 24/9/2016)**

# ന്യൂനപക്ഷ വിധവകൾക്കുള്ള ഭവനപദ്ധതി: അപേക്ഷാ തീയതി ഒക്ടോബർ 31 വരെ

**തിരുവനന്തപുരം:** മുസ്ലിം, ക്രിസ്ത്യൻ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിധവകളുടെയും, വിവാഹബന്ധം വേർപെടുത്തിയവരുടെയും, ഉപേക്ഷിക്കപ്പെട്ടവരുടെയും ഭവന നിർമാണത്തിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് നൽകുന്ന ധനസഹായത്തിന് അപേക്ഷിക്കേണ്ട അവസാനതീയതി ഒക്ടോബർ 31 വരെ നീട്ടിയതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇതു തിരിച്ചടയ്ക്കേണ്ടതില്ല.

അപേക്ഷകയുടെ സ്വന്തം പേരിൽ ബാധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെന്റ് ഭൂമി ഉണ്ടായിരിക്കണം. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബിപിഎൽ കുടുംബങ്ങൾക്കും, ശാരീരികമാനസിക വെല്ലുവിളി നേടുന്നവർക്കും പെൺകുട്ടികൾ മാത്രമുള്ളവർക്കും മുൻഗണന. സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകളും സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽനിന്നോ മുമ്പോ ഭവന നിർമാണത്തിന് സഹായം ലഭിച്ചവരും വീണ്ടും അപേക്ഷിക്കേണ്ടതില്ല. വകുപ്പ് പ്രത്യേകം തയാറാക്കിയ അപേക്ഷാ ഫോറം മുഖേന 2016-17 സാമ്പത്തിക വർഷം കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ സഹിതം അപേക്ഷിക്കണം. അതതു ജില്ലാ കളക്ടറേറ്റിലെ ന്യനപക്ഷക്ഷേമ വിഭാഗത്തിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ) ജില്ലാ ന്യൂനപക്ഷാവിഭാഗം, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ തപാൽ മുഖേനയോ അപേക്ഷിക്കാം. അപക്ഷാഫോം ജില്ലാ ന്യൂനപക്ഷക്ഷേമ വിഭാഗം, മുസ്ലീം യുവജനതയ്ക്കുള്ള പരിശീലന കേന്ദ്രം എന്നിവിടങ്ങളിലും www.minority welfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലും ലഭിക്കു. ... **(ദീപിക, 24/9/2016)**

# മതങ്ങളോടുള്ള സമീപനത്തിൽ കമ്യൂണിസ്റ്റുകൾക്ക് തെറ്റുപറ്റി

## എം.എ ബേബി

**പാലക്കാട്:** വ്യത്യസ്തമതവിശ്വാസങ്ങളെ എങ്ങനെ സമീപിക്കണമെന്ന നിലപാടിൽ കമ്യൂണിസ്റ്റുകാർക്ക് ചില തെറ്റുകൾപറ്റിയിട്ടുണ്ടെന്ന് സി.പി.എം. പൊളിറ്റ് ബ്യൂറോ അംഗം എം.എ. ബേബി. കമ്യൂണിസ്റ്റുകാരുടെ പ്രവർത്തനംകൊണ്ടോ യുക്തിവാദം കൊണ്ടോ പെട്ടെന്നില്ലാതാക്കാവുന്ന ഒന്നല്ല മതമെന്നും ബേബി പറഞ്ഞു. മാർക്സ് മതത്തിനെതിരല്ല. ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമാണ് മതം എന്നാണ് അദ്ദേഹം പറഞ്ഞത്. മതം മനുഷ്യനെ മയക്കുന്ന കറപ്പാണെന്ന് അദ്ദേഹം പറഞ്ഞത് അന്ന് വേദന സംഹാരിയായി ഉപയോഗിക്കുന്ന കറപ്പ് മനുഷ്യന്റെ പ്രശ്നങ്ങൾക്ക് താത്കാലികപരിഹാരമാണ് എന്ന അർഥത്തിലാണ മതത്തെ നിരോധിക്കേണ്ട കാര്യമില്ല. കമ്യൂണിസ്റ്റുകാർ മതത്തോട് ശാസ്ത്രീയമല്ലാത്ത സമീപനമെടുത്തതിലൂടെ തെറ്റുപറ്റിയിട്ടുണ്ട്. മതാധിഷ്ഠിതരാജ്യമെന്നു വാശിപിടിക്കുന്നതുപോലതന്നെ തെറ്റാണ് മതമില്ലാത്ത രാജ്യമെന്നു പറയുന്നതും, ക്യൂബയുടെ അനുഭവം തെളിയിക്കുന്നതും ഇതാണ്. വിമോചനസമരത്തിലുൾപ്പെടെ കമ്യൂണിസ്റ്റ് പാർട്ടികളോട് മതങ്ങൾ സ്വീകരിച്ച സമീപനത്തിലും ജനാധിപത്യവിരുദ്ധമായ തെറ്റുണ്ടെന്നും ബേബി പറഞ്ഞു. ഫാസിസത്തിലേക്കു നീങ്ങുന്ന സാഹചര്യത്തിൽ മതവിശ്വാസികളും എല്ലാ മതങ്ങളുടെയും മൂല്യങ്ങളുൾക്കൊള്ളുന്ന കമ്യൂണിസ്റ്റുകാരും യോജിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ... **(മാതൃഭൂമി, 24/9/2016)**

# കേരളത്തിൽ മണിക്കൂറിൽ അഞ്ച് വിവാഹമോചനം

**തൃശൂർ:** സംസ്ഥാനത്ത് വിവാഹമോചനം ക്രമാതീതമായി വർധിക്കുന്നു. കുടുംബകോടതികളിൽനിന്നുള്ള വിവരങ്ങൾ പ്രകാരം കഴിഞ്ഞ ഒന്നര വർഷത്തിനിടെ കേരളത്തിൽ 1.96 ലക്ഷം വിവാഹമോചന കേസുകളാണ് രജിസ്റ്റർ ചെയ്തത്. രാജ്യത്ത് ഓരോ വർഷവും നടക്കുന്ന വിവാഹമോചനങ്ങളുടെ 8.36 ശതമാനവും കേരളത്തിലാണ്. മണിക്കൂറിൽ അഞ്ച് എന്ന തോതിലാണ് കേരളത്തിൽ വിവാഹമോചന കേസുകൾ വിധിക്കുന്നതെന്ന് പാർലിമെന്റിൽ അവതരിപ്പിക്കാൻ കേന്ദ്രസർക്കാറിന് നൽകിയ കണക്കിൽ സംസ്ഥാന സർക്കാർ വെളിപ്പെടുത്തുന്നു. 2014-ൽ പ്രതിദിനം 130ലധികം വിവാഹമോചന കേസുകളാണ് സംസ്ഥാനത്ത് തീർപ്പുകൽപിച്ചത്. ഈ വർഷം ജനുവരി മുതൽ ജൂൺ വരെ രജിസ്റ്റർ ചെയതത് 26,885 കേസുകളാണ്. 2011ൽ കുടുംബകോടതികളിൽ രജിസറ്റർ ചെയ്ത 44,326 വിവാഹമോചന കേസുകളിൽ ഒന്നുപോലും തീർപ്പായിട്ടില്ല. 2005ൽ 8,4656 കേസുകളാണ് ആകെ രജിസ്റ്റർ ചെയ്തതെങ്കിൽ 2012 ആകുമ്പോഴേക്കും 24,815 ആയി വർധിച്ചു. ... **(മാധ്യമം, 24/9/2016)**

# സഭയുടെ മുന്നേറ്റത്തിന് അല്മായരുടെ പിന്തുണവേണം: ആർച്ച്ബിഷപ് ഡോ. സൂസപാക്യം

**കണ്ണൂർ:** ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ ലത്തീൻ കത്തോലിക്കർ ഒറ്റക്കെട്ടാകണമെന്നും സഭയുടെ മുന്നേറ്റത്തിന് അല്മായരുടെ പങ്കാളിത്തം അനിവാര്യമാണെന്നും തിരുവനന്തപുരം ആർച്ച് ബിഷപ്പും കേരള റീജണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിസി) പ്രസിഡന്റുമായ ഡോ. സൂസപാക്യം. ലത്തീൻ കത്തോലിക്ക അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ബർണശേരി സെന്റ് തെരേസാസ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ച അല്മായ ശുശ്രൂഷാസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. ലത്തീൻ കത്തോലിക്കർ വിഘടിച്ചു നിൽക്കണമെന്ന് ആഗ്രഹിക്കുകയും വിള്ളലുകൾ ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന നിക്ഷിപ്ത താത്പര്യക്കാർ നമ്മുടെയിടയിൽത്തന്നെയുണ്ട്. ഓരോ തെരഞ്ഞെടുപ്പിന്റെയും കാലഘട്ടത്തിൽ നാമത് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ആരുടെയും ചരടുവലികൾക്ക് വശംവദരാകാതെ സുവിശേഷത്തിന് സാക്ഷ്യംവഹിക്കാനും ഉത്തരവാദിത്വം വിശ്വസ്ത

തയോടെ നിറവേറ്റാനും സമൂഹം ഒറ്റക്കെട്ടാകണം. അല്മായരാണ് സഭയിലെ പ്രധാനഘടകം. പ്രശ്നങ്ങളുണ്ടാകുമ്പോഴും ആവശ്യങ്ങൾ നേടിയെടുക്കാനും മാത്രമല്ല അല്മായരുടെ സാന്നധ്യമുണ്ടാകേണ്ടത്. ഇരുപത് ലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്കർ ഒറ്റക്കെട്ടാണെന്ന അവബോധം ഉണ്ടാക്കാനും അവഗണനകൾ അതിജീവിച്ച് ദിശാബോധത്തോടെ സഭയിലും സമൂഹത്തിലും തലയുയർത്തിപ്പിടിക്കാനുള്ള ആത്മവിശ്വാസം പകരാനും ഇത്തരം സംഗമങ്ങൾക്ക് സാധിക്കുന്നതായി ആർച്ച ബിഷപ് പറഞ്ഞു.

കണ്ണൂർ ബിഷപ് ഡോ. അലക്സ് വടക്കുതല അധ്യക്ഷത വഹിച്ചു. സഭയുടെ വളർച്ചയും ഭാവിയും ബിഷപ്പുമാരോ വൈദികരോ സന്യസ്തരോ അല്ലെന്നും അല്മായരാണെന്നും ബിഷപ് ഡോ. വടക്കുംതല പറഞ്ഞു. സഹോദരങ്ങളുടെ കഷ്ടപ്പാടും വേദനയും തിരിച്ചറിയുന്നതിന് അല്മായർ പ്രതിജ്ഞാബദ്ധരാണെന്നും ബിഷപ് ഓർമിപ്പിച്ചു. ജീവനാദം ചീഫ് എഡിറ്റർ ഇഗ്നേഷ്യസ് ഗോൺസാൽവസ്, കണ്ണൂർ രൂപത പാസ്റ്ററൽ കൗൺസിലംഗം പുഷ്പ ക്രിസ്റ്റി എന്നിവർ പ്രതികരണ പ്രഭാഷണം നടത്തി. അല്മായ കമ്മീഷൻ സംസ്ഥാന സെക്രട്ടറി ഫാ. വില്യം രാജൻ സ്വാഗതവും അല്മായ കമ്മീഷൻ അസോസിയേഷൻ സെക്രട്ടറി മേബിൾ ജോൺകുട്ടി നന്ദിയും പറഞ്ഞു. ... **(ദീപിക, 25/9/2016)**

## അപരന്റെ വിശപ്പ് നമ്മുടെ ആത്മീയ പ്രശ്നമായി കാണണം - ജസ്റ്റിസ് കുര്യൻ ജോസഫ്

**കൊച്ചി:** ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അപരന്റെ വിശപ്പ് സ്വന്തം ആത്മീയ പ്രശ്നമായി കാണാനാവണമെന്ന് സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ്. മദർ തെരേസയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിനോടനുബന്ധിച്ച് എറണാകുളം-അങ്കമാലി അതിരൂപത എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ സംഘടിപ്പിച്ച പൊതു സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സർവവും നിസ്വാർഥമായി നൽകുന്നതാണ് ക്രിസ്തീയ സ്നേഹമെന്നും ജസ്റ്റിസ് കുര്യൻ ജോസഫ് ഓർമിപ്പിച്ചു. ... **(മാതൃഭൂമി, 25/9/2016)**

## പുരോഗതിക്ക് ആവശ്യം സ്വാശ്രയ സങ്കൽപവും ശുചിത്വബോധവും: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** കർഷകമേഖലയിൽ സമൂഹം കൈവരിക്കുന്ന സ്വയം പര്യാപ്തത സ്വാശ്രയ ജീവിതശൈലി നിലനിർത്താൻ അനിവാര്യമാണെന്നു കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സ്വാശ്രയ സങ്കൽപവും ശുചിത്വബോധവും സേവനമനോഭാവവുമാണു സമൂഹത്തെ സമഗ്രപുരോഗതിയിലേക്കു നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എറണാകുളം-അങ്കമാലി അതിരൂപതയുടെ സാമൂഹിക പ്രവർത്തനവിഭാഗമായ സഹൃദയയുടെ നേതൃത്വത്തിലുള്ള സഹൃദയക്ഷേമസംഘങ്ങളുടെ രജതജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ആലഞ്ചേരി. ... **(മലയാള മനോരമ, 25/9/2016)**

## ലോകത്ത് പത്തിൽ ഒമ്പതുപേരും ശ്വസിക്കുന്നത് അശുദ്ധ വായു

**ജനീവ:** 10ൽ ഒമ്പതുപേരും ശ്വസിക്കുന്നത് മലിനീകരിക്കപ്പെട്ട വായുവാണെന്ന് ലോകാരോഗ്യ സംഘടന. വർഷത്തിൽ 60 ലക്ഷം പേർ അശുദ്ധവായു ശ്വസിക്കുന്നതുവഴി മരണപ്പെടുന്നുവെന്നാണ് റിപ്പോർട്ട്. ലോകാരോഗ്യ സംഘടനയുടെ പുതിയ റിപ്പോർട്ടിലാണ് അന്തരീക്ഷത്തിൽ ശുദ്ധവായുവിന്റെ തോത് കുറഞ്ഞുവരുന്നതായി പറയുന്നത്. മലിനീകരണത്തിനെതിരെ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും ലോകാരോഗ്യ സംഘടനയുടെ ആരോഗ്യ പരിസ്ഥിതി വിഭാഗം അധ്യക്ഷൻ മരിയ നെയ്റ പറഞ്ഞു.

ലോകത്തെ 3000 പട്ടണങ്ങളിലാണ് സർവേ നടത്തിയത്. ആഫ്രിക്ക, ഏഷ്യ, പശ്ചിമേഷ്യ എന്നിവിടങ്ങളിലെ വായു കൂടുതൽ മലിനീകരിക്കപ്പെട്ടുവെന്നും റിപ്പോർട്ടിൽ പറയുന്നു. പ്രത്യേകിച്ചും പട്ടണങ്ങളിലാണ് മലിനീകരണം കൂടിയത്. അതേസമയം, വികസിത രാജ്യങ്ങളിൽ മലിനീകരണ തോത് അവികസിത രാജ്യങ്ങളേക്കാൾ കുറവാണ്. എങ്കിലും വികസിത രാജ്യങ്ങളിലെ പട്ടണങ്ങളിൽ ശുദ്ധവായുവിന്റെ അളവ് കുറഞ്ഞുവരുന്നുവെന്നും റിപ്പോർട്ടിലുണ്ട്. അമേരിക്കയിലെ ലോസ്ആഞ്ചൽസ്, മാൻഹോട്ടൺ, എന്നീ പട്ടണങ്ങളിലും യൂറോപ്പിൽ പാരിസിലും ലണ്ടനിലുമാണ് ശുദ്ധവായു കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നത്. **(മാധ്യമം, 28/9/2016)**

## ക്രൈസ്തവ വിഭാഗങ്ങളെ പാട്ടിലാക്കാൻ ബി.ജെ.പി

**കോട്ടയം:** റബർ വില ഉയർത്തി മധ്യ തിരുവതാംകൂറിലെ ക്രൈസ്തവ വിഭാഗങ്ങളെ ചാക്കിലാക്കാൻ ബി.ജെ.പി കോഴിക്കോടു ചേർന്ന ബി.ജെ.പി. ദേശീയ കൗൺസിൽ യോഗത്തിനുശേഷം ദേശീയാധ്യക്ഷൻ അമിത് ഷാ സംസ്ഥാന നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഈ നിർദേശം. ഇതേക്കുറിച്ചു പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ കേരളത്തിന്റെ ചുമതലയുള്ള എച്ച്. രാജ, സുരേഷ് എന്നിവരെ അമിത് ഷാ ചുമതലപ്പെടുത്തി. കോഴിക്കോട്ടെത്തിയ പ്രധാനന്ത്രി നരേന്ദ്ര മോദിയെ കണ്ടു ക്രൈസ്തവ പ്രതിനിധികൾ പ്രധാനമായും ഉന്നയിച്ച വിഷയവും റബറിന്റെ വിലത്തകർച്ചയായിരുന്നു. ബി.ജെ.പി. കേന്ദ്രത്തിൽ അധികാരത്തിലേറിയശേഷം കേരളത്തിന്റെ വടക്കേയറ്റത്തും തെക്കേയറ്റത്തും അവർക്കു പതിനഞ്ചു ശതമാനത്തിലേറെ വോട്ടിങ് വർധന ഉണ്ടായപ്പോൾ മധ്യതിരുവതാംകൂറിൽ അഞ്ചു ശതമാനം മാത്രമാണു വർധന. ഇതിന്റെ പ്രധാന കാരണം ഇവിടുത്തെ വോട്ട് ബാങ്കായ ക്രൈസ്തവ വിഭാഗങ്ങൾക്കിടയിൽ സ്വാധീനമില്ലാത്താതാണെന്നാണ് ദേശീയ നേതൃത്വത്തിന്റെ വിലയിരുത്തൽ. മതന്യൂനപക്ഷങ്ങളുടെ പിന്തുണ ആർജിക്കാൻ കഴിഞ്ഞാലേ കേരളത്തിൽ പാർട്ടിക്കു ഭാവിയുള്ളൂ എന്ന കണക്കുകൂട്ടലും നേതാക്കൾക്കുണ്ട്. ഇതാണ് റബർവില പ്രതിസന്ധിക്കു പരിഹാരം കാണാനുള്ള നീക്കത്തിനു പിന്നിൽ. ആദ്യപടിയായി വാണിജ്യമന്ത്രാലയവുമായി എൻ.ഡി.എ. നേതാക്കൾ ചർച്ച നടത്തും. ഇതോടൊപ്പം ക്രൈസ്തവ വിഭാഗങ്ങൾക്കൊപ്പം നിൽക്കുന്ന ഏതെങ്കിലും പാർട്ടിയെ എൻഡി.എയുടെ ഭാഗമാക്കാനുള്ള ചർച്ചകളും മുന്നോട്ടുകൊണ്ടുപോകും. **(ദീപിക, 29/9/2016)**

# ഉത്തരവാദികൾ ദൈവത്തോടു മറുപടി പറയേണ്ടിവരും: ഫ്രാൻസിസ് മാർപാപ്പ

**വത്തിക്കാൻസിറ്റി:** ആഭ്യന്തരയുദ്ധം നടക്കുന്ന സിറിയയിലെ വ്യാപാരനഗരമായ ആലപ്പോയിൽ വ്യോമാക്രമണം നടത്തി സാധാരണക്കാരെ കൊല്ലുന്നവർ ദൈവത്തോടു മറുപടി പറയേണ്ടിവരുമെന്നു ഫ്രാൻസിസ് മാർപാപ്പ. ആലപ്പോ നിലവിൽ രക്തസാക്ഷി നഗരമാണെന്നും അവിടെയുള്ള എല്ലാവരും മരിച്ചുകൊണ്ടിരിക്കയാണെന്നും സെന്റ് പീറ്റേഴ്സ് ചതുരത്തിൽ പൊതുദർശനത്തിനിടെ മാർപാപ്പ പറഞ്ഞു.

വിമതരുടെ നിയന്ത്രണത്തിലുള്ള കിഴക്കൻ മേഖലയിൽ റഷ്യയുടെ പിന്തുണയോടെയാണു സിറിയൻ സൈന്യം ആക്രമണം നടത്തുന്നത്. കഴിഞ്ഞദിവസം ആലപ്പോയിൽ റഷ്യനടത്തിയ വ്യോമാക്രമണത്തിൽ നിരവധി ജീവനുകളാണു പൊലിഞ്ഞത്.

കുട്ടികളും പ്രായമായവരും സ്ത്രീകളും രോഗികളുമടക്കം നിരവധി ആളുകളാണു സിറിയയിൽ മരിക്കുന്നത്. നിരപരാധികളുടെ ജീവൻ സംരക്ഷിക്കാൻ എല്ലാ നടപടിയും സ്വീകരിക്കണം. സിറിയയിൽ ബോംബിംഗ് നടത്തുന്നവർ ഒരു ദിവസം ദൈവത്തിനു മറുപടി നല്കേണ്ടിവരും - മാർപാപ്പ പറഞ്ഞു. **(ദീപിക, 29/9/2016)**

# കെ.സി.ബി.സി അഖിലകേരള പ്രൊഫഷണൽ നാടകമത്സരം സമാപിച്ചു

**കൊച്ചി:** തിന്മയുടെ പുനരാവിഷ്കാരമെന്നതിനേക്കാൾ നന്മയുടെ കാവലാവുകയാണ് കലാധർമ്മമെന്ന് ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ. കെ.സി.ബി.സി മാധ്യമ കമ്മീഷൻ സംഘടിപ്പിച്ച 29-ാമത് അഖിലകേരള പ്രൊഫഷണൽ നാടകമത്സരത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മാധ്യമകമ്മീഷൻ ചെയർമാൻ കൂടിയായ റവ. ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ. പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ പ്രശസ്തനാടക നിരൂപകനും ഗ്രന്ഥകർത്താവുമായ ശ്രീ. ടി. എം. അബ്രഹാം നാടകരചന അവലോകനവും ശ്രീമതി ഷേർളി സോമസുന്ദരം നാടകവിശകലനവും നടത്തി. കെ. സി.ബി.സി. നാടകമത്സരം 2016-ലെ വിജയികൾ : മികച്ച നാടകം - തിരുവനന്തപുരം നക്ഷത്ര കമ്മ്യൂണിക്കേഷൻസിന്റെ നീലനിലാവിൽ ഭാർഗവീ നിലയം, മികച്ച രണ്ടാമത്തെ നാടകം - കൊല്ലം കാളിദാസ കലാകേന്ദ്രം അവതരിപ്പിച്ച മായാദർപ്പണ്, എ ഗ്രേഡ് ലഭിച്ച മറ്റു നാടകങ്ങൾ - ദാവീദിന്റെ കിന്നരം (പാലാ കമ്മ്യൂണിക്കേഷൻസ്), കൊല്ലം അനശ്വരയുടെ ഒരു പകൽ ദൂരം, (ജൂറിയുടെ പ്രത്യേക പരാമർശം ഈ നാടകത്തിനുണ്ട്).



ഫാ. ജോളി വടക്കൻ, ഫാ. വർഗീസ് വള്ളിക്കാട്ട്, ടി.എം. എബ്രഹാം, റൈറ്റ് റവ. ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, ശ്രീമതി ഷേർളി സോമസുന്ദരം, ഫാ. ഷാജി സ്റ്റീഫൻ, കുമാരി ഫെനീറ്റ.

# പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചു

**കേ**രളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കോഴിക്കോട്, താമരശ്ശേരി കത്തോലിക്കാ രൂപതകളുടെ മെത്രാൻമാർ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് കോഴിക്കോട് വച്ച് മെമ്മോറാണ്ടം സമർപ്പിച്ചു. താഴെ പറയുന്നവയാണ് മെമ്മോറാണ്ടത്തിലെ പ്രധാന വിഷയങ്ങൾ

**1.** പശ്ചിമഘട്ട സംരക്ഷണ വിജ്ഞാപനത്തിൽ പ്രഖ്യാപിച്ച 123 പരിസ്ഥിതി ലോല വില്ലേജുകളിലെ 25 ലക്ഷം കർഷകരിൽ വിജ്ഞാപനത്തിലെ നിബന്ധനകൾ സൃഷ്ടിച്ചിരിക്കുന്ന ആശങ്കകൾ അകറ്റുക. **2.** ഗ്രാമങ്ങളിൽ പോലും നഗരത്തിന്റെ സൗകര്യങ്ങളുള്ളതും, ജനനിബിഡവും വികസിതവുമായ കേരളത്തിലെ തീരനിവാസികളെ വിശിഷ്യ മത്സ്യതൊഴിലാളികളെ തീരദേശനിയന്ത്രണ വിജ്ഞാപനം പ്രതികൂലമായി ബാധിക്കുന്നു. മാത്രമല്ല കേരളത്തിലെ തീരപ്രദേശത്തിന്റെ വിസ്തൃതി വളരെ കുറവാണ്. 30 തടാകങ്ങൾ കേരളത്തിലുണ്ട്. ആയതിനാൽ കേരളത്തെ CRZ2പ്രദേശമായി പ്രഖ്യാപിക്കുക. **3.** മതത്തിന്റെയും, വിശ്വാസത്തിന്റെയും പേരിൽ ദളിതർ നേരിടുന്ന വിവേചനവും മതന്യൂനപക്ഷങ്ങൾക്കുനേരെയുള്ള ആക്രമണവും അവസാനിപ്പിക്കുക. **4.** വർദ്ധിച്ചുവരുന്ന തെരുവുനായ് ശല്യത്തെ നേരിടാൻ മൃഗസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുക. വന്യ മൃഗസംരക്ഷണ ആക്റ്റിൽ കാലാനുസൃത



ഭേദഗതിവേണം. വികസിത രാജ്യങ്ങളുടേതുപോലെ വേലി കെട്ടി വിളവ് സംരക്ഷിക്കുക, ലൈസൻസ്ഡ് തോക്ക് അനുവദിക്കുക, അപകടകാരികളായ മൃഗങ്ങളെ നീക്കം ചെയ്യുക. **5.** റബറിന്റെ വിലയിടിവിനും, ഉല്പാദനക്കുറവിനും പ്രതിവിധി കണ്ടെത്തി കർഷകരെ രക്ഷിക്കുക. **6.** കാർഷിക ഉല്പന്നങ്ങളുടെ, വിശിഷ്യ മലഞ്ചരക്കു വ്യാപാര മേഖലയിലെ സർക്കാർ ഉടമ്പടികൾ കർഷകരുമായി കൂടിയാലോചിച്ചശേഷം മാത്രം പ്രാബല്യത്തിൽ വരുത്തുക.